05
2025
ഡിസംബർ
വെള്ളി
വൃശ്ചികം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 294 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-294 പേജ് 4. വില 2.00 രൂപ




02 ബംഗളൂരു വന്ദേഭാരതിൽ ടിക്കറ്റുകൾ കിട്ടാക്കനി

03 'കേന്ദ്രത്തിനും സംസ്ഥാനത്തിനുമിടയിൽ പാലമായത് ജോൺ ബ്രിട്ടാസ്'

04 ശംഖുമുഖത്ത് അണിനിരന്ന് പടക്കപ്പലുകളും യുദ്ധവിമാനങ്ങളും

# രാഹുലിന് ഇരട്ട പ്രഹരം



## കോൺഗ്രസിൽ നിന്നും പുറത്താക്കി

തിരുവനന്തപുരം: മുൻകൂർ ജാമ്യഹർജി കോടതി തള്ളിയതിന് പിന്നാലെ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കോൺഗ്രസിൽ നിന്നും പുറത്താക്കി.

നിലവിൽ സസ്പെൻഷനിലുള്ള രാഹുൽ മാങ്കൂട്ടത്തിലിനെ ഉയർന്ന പരാതികളുടെയും രജിസ്റ്റർ ചെയ്ത കേസുകളുടെയും അടിസ്ഥാനത്തിൽ കോൺഗ്രസിൻറെ പ്രാഥമിക അംഗത്വത്തിൽ നിന്നും പുറത്താക്കിയതായി കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് എംഎൽഎ അറിയിച്ചു.

അതേസമയം, പീഡന ക്കേസിൽ ഒളിവിൽ കഴിയുന്ന രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ മുൻകൂർ ജാമ്യഹർജി തള്ളി. തിരുവനന്തപുരം ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതിയാണ് ഹർജി തള്ളിയത്.

അടച്ചിട്ട കോടതിമുറിയിലായിരുന്നു വാദം. മുൻകൂർ ജാമ്യാപേക്ഷയിൽ ഇന്ന് 25മിനിട്ട് വാദമാണ് നടന്നത്. ബുധനാഴ്ച രാവിലെ രാഹുലിൻറെ ആവശ്യപ്രകാരം, അടച്ചിട്ട മുറിയിൽ ഒന്നരമണിക്കൂറോളം വാദം നടന്നു. അതിജീവിതയുടെ ചാറ്റുകളും വിവാഹ ഫോട്ടോയും അടക്കം പ്രതിഭാഗം ഹാജരാക്കി.

കൂടുതൽ തെളിവുകൾ സമർപ്പിക്കാൻ സമയം വേണമെന്ന് പ്രോസിക്യൂഷൻ അനുമതി ചോദിച്ചത് കോടതി അനുവദിച്ചിരുന്നു. രാഹുൽ യുവതിയെ ക്രൂരമായി പീഡിപ്പിച്ചു, നഗ്നദൃശ്യങ്ങൾ ചിത്രീകരിച്ചു, പുറത്തുപറഞ്ഞാൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. ആദ്യം ഗർഭധാരണത്തിന് ആവശ്യപ്പെട്ടു, പിന്നീട് നിർബന്ധിച്ച് ഗർഭഛിദ്രത്തിന് പ്രേരിപ്പിച്ചെന്ന് പ്രോസിക്യൂഷൻ വാദം.

അശാസ്ത്രീയ ഗർഭഛിദ്രം മൂലം യുവതിയുടെ ജീവൻ അപകടത്തിലായെന്ന ചികിത്സിച്ച ഡോക്ടറുടെ മൊഴിയും ചികിത്സാ രേഖകളുമുണ്ടെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. സമാനമായ നിരവധി ആക്ഷേപങ്ങൾ പ്രതിക്കെതിരെ ഉണ്ട്. ജാമ്യം നൽകിയാൽ കേസിനെ സ്വാധീനിക്കാനിടയുണ്ട്. മാതൃകാപരമായി പെരുമാറേണ്ട ജനപ്രതിനിധി ഒളിവിലാണെന്നും പ്രോസിക്യൂഷൻ ചൂണ്ടിക്കാട്ടിയിരുന്നു. അന്വേഷണവുമായി രാഹുൽ സഹകരിക്കുന്നില്ലെന്നും പ്രോസിക്യൂഷൻ കോടയിൽ വ്യക്തമാക്കി.




## റഷ്യൻ പ്രസിഡന്റ് വ്ളാദിമിർ പുതിൻ ഇന്ത്യയിലെത്തി

ന്യൂഡൽഹി: 23-ാമത് ഇന്ത്യ- റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാനായി റഷ്യൻ പ്രസിഡന്റ് വളാദിമിർ പുതിൻ ഇന്ത്യയിലെത്തി. വ്യാഴാഴ്ച വൈകുന്നേരം 6.35-നാണ് റഷ്യൻ പ്രസിഡന്റിനെ വഹിച്ചുകൊണ്ടുള്ള വിമാനം ഡൽഹിയിലെ പാലം അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയത്. 2021-ന് ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യത്തെ ഇന്ത്യൻ സന്ദർശനമാണിത്. റഷ്യ-യുക്രെയ്ൻ യുദ്ധം ആരംഭിച്ച ശേഷം നടക്കുന്ന ആദ്യ സന്ദർശനം കൂടിയാണിത്.

ഒട്ടേറെ പ്രതിരോധ, വ്യാപാര കരാറുകളിൽ ഇരുരാജ്യങ്ങളും ഒപ്പുവയ്ക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. റഷ്യൻ പ്രസിഡന്റിനെ സ്വീകരിക്കാൻ പ്രോട്ടോക്കോൾ ലംഘിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി വിമാനത്താവളത്തിൽ എത്തിയിരുന്നു. വിദേശ നേതാവിനെ വിമാനത്താവളത്തിൽ പോയി സ്വീകരിക്കാനുള്ള പ്രധാനമന്ത്രി മോദിയുടെ അപൂർവ നയതന്ത്ര നീക്കം, ഈ സന്ദർശനത്തിന് ഇന്ത്യ നൽകുന്ന പ്രാധാന്യമാണ് സൂചിപ്പിക്കുന്നത്. നിരവധി ബിസിനസ് നേതാക്കളുടെ ഒരു വലിയ പ്രതിനിധി സംഘവും പുതിനെ അനുഗമിക്കുന്നുണ്ട്.

പുതിന് വേണ്ടി ഇന്ന് രാത്രി പ്രധാനമന്ത്രി അത്താഴ വിരുന്ന് ഒരുക്കുന്നുണ്ട്. വെള്ളിയാഴ്ചയാണ് പുതിന്റെ ഔദ്യോഗിക പരിപാടികൾ ആരംഭിക്കുന്നത്. രാവിലെ 11 മണിയോടെ രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടക്കും. തുടർന്ന് രാജ്ഘട്ടിൽ മഹാത്മാഗാന്ധിക്ക് ആദരാഞ്ജലി അർപ്പിച്ച ശേഷം ഹൈദരാബാദ് ഹൗസിലേക്ക് പോകും. അവിടെയായിരിക്കും പ്രധാനപ്പെട്ട ഉഭയകക്ഷി ചർച്ചകൾ നടക്കുക. വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണിയോടെ പ്രധാനമന്ത്രി മോദി റഷ്യൻ പ്രസിഡന്റിനായി ഒരു വർക്കിംഗ് ലഞ്ച് ഒരുക്കും. അതിനുശേഷം, നിലവിലുള്ള സഹകരണം അവലോകനം ചെയ്യുന്നതിനും പുതിയ പങ്കാളിത്ത മേഖലകൾ തിരിച്ചറിയുന്നതിനും ലക്ഷ്യമിട്ടുള്ള പ്രതിനിധി ചർച്ചകൾ നടക്കും.

റഷ്യയുമായുള്ള വ്യാപാരക്കമ്മി കുറയ്ക്കുന്നതിൽ ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. പ്രത്യേകിച്ച് ഫാർമസ്യൂട്ടിക്കൽസ്, ഓട്ടോമൊബൈൽസ്, കാർഷിക ഉൽപ്പന്നങ്ങൾ, സമുദ്രോത്പന്നങ്ങൾ എന്നിവയുടെ ഇന്ത്യൻ കയറ്റുമതി വിപുലീകരിക്കാനാണ് ലക്ഷ്യമിടുന്നത്. റഷ്യൻ വിപണികളിലേക്കുള്ള മെച്ചപ്പെട്ട പ്രവേശനം ഇന്ത്യൻ കമ്പനികൾക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും, തൊഴിലവസരങ്ങൾ വർധിപ്പിക്കാനും കാർഷിക വരുമാനത്തെ പിന്തുണയ്ക്കാനും സഹായിക്കും. ഷിപ്പിംഗ്, ആരോഗ്യ സംരക്ഷണം, വളങ്ങൾ, കണക്റ്റിവിറ്റി എന്നിവയിൽ നിരവധി കരാറുകളും ധാരണാപത്രങ്ങളും ഒപ്പുവെക്കാൻ സാധ്യതയുണ്ട്. നിലവിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം മെച്ചപ്പെടുത്താനുള്ള തീരുമാനവുമുണ്ടാകും.



## പ്രസാർ ഭാരതി ചെയർമാൻ നവ്നീത് കുമാർ സെഹ്ഗാൾ രാജിവെച്ചു

ന്യൂഡൽഹി: പ്രസാർ ഭാരതി ബോർഡ് ചെയർമാൻ നവ്നീത് കുമാർ സെഹ്ഗാൾ രാജിവെച്ചു. അദ്ദേഹത്തിന്റെ രാജി സ്വീകരിച്ചതായി വാർത്താവിതരണ-പ്രക്ഷേപണ മന്ത്രാലയം അറിയിച്ചു. 1988 ബാച്ച് റിട്ട. ഐഎഎസ് ഉദ്യോഗസ്ഥനാണ് നവ്നീത് കുമാർ സെഹ്ഗാൾ. ഉത്തർപ്രദേശ് കേഡറിലാണ് അദ്ദേഹം സർവീസിൽ പ്രവേശിച്ചത്. 2023 ജൂലായിൽ ഉത്തർപ്രദേശ് സർക്കാരിൽ അഡീ. ചീഫ് സെക്രട്ടറിയായാണ് വിരമിച്ചത്. ഇക്കാലയളവിൽ സംസ്ഥാന-കേന്ദ്ര സർക്കാരുകളിൽ വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചു. 2024 മാർച്ച് 16-നാണ് പ്രസാർഭാരതി ചെയർമാനായി നിയമിതനായത്.

## സിസ തോമസിനെയും പ്രിയ ചന്ദ്രനെയും വിസിയാക്കാൻ ശുപാർശ

ന്യൂഡൽഹി: ഡിജിറ്റൽ, സാങ്കേതിക സർവ്വകലാശകളിലെ വൈസ് ചാൻസലർ നിയമനത്തിൽ നിർണ്ണായക നീക്കവുമായി ചാൻസലർ കൂടിയായ ഗവർണർ. വിസി നിയമനത്തിനായി മുഖ്യമന്ത്രിയുടെ ശുപാർശ തള്ളിയ ഗവർണർ ഡോ സിസ തോമസിനെയും ഡോ പ്രിയ ചന്ദ്രനെയും വൈസ് ചാൻസലർമാരായി ശുപാർശ ചെയ്തു. സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറായി സിസ തോമസിനെയും ഡിജിറ്റൽ സർവ്വകലാശാല വൈസ്ചാൻസലറായി ഡോ. പ്രിയ ചന്ദ്രനെയുമാണ് ശുപാർശ ചെയ്തത്.

ഇക്കാര്യം ഗവർണർ സുപ്രീംകോടതിയെ അറിയിച്ചു. ഇതോടെ ഗവർണർ- സർക്കാർ പോര് രൂക്ഷമാകും. ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ നിയമനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ചാൻസലർക്ക് കൈമാറിയ മുൻഗണന പാനലിൽ ഒന്നാം സ്ഥാനത്ത് ഉണ്ടായിരുന്നത് ഡോ. സജി ഗോപിനാഥ് ആണ്. സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനത്തിന് മുഖ്യമന്ത്രി കൈമാറിയ പട്ടികയിൽ ഡോ. സി. സതീഷ് കുമാർ ആയിരുന്നു ഒന്നാം സ്ഥാനത്ത്. എന്നാൽ, ഈ രണ്ട് പേരുകളും തള്ളിയാണ് ഗവർണർ രാജേന്ദ്ര ആർലേക്കർ ഡോ. സിസ തോമസിനെയും, ഡോ. പ്രിയ ചന്ദ്രനെയും വൈസ് ചാൻസലർമാരായി നിയമിക്കാൻ തീരുമാനിച്ചത്. രണ്ട് സർവ്വകലാശാലകളിലും സെർച്ച് കമ്മിറ്റി തയ്യാറാക്കിയ പട്ടികയിൽ സിസ തോമസിന്റെ പേര് ഉണ്ടായിരുന്നു. എന്നാൽ, സിസ തോമസിനെ വൈസ് ചാൻസലർ ആയി നിയമിക്കരുതെന്ന്മുഖ്യമന്ത്രി ഗവർണറോട് നിർദേശിച്ചിരുന്നു.

ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ നിയമനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ചാൻസലർക്ക് കൈമാറിയ മുൻഗണന പാനലിൽ നാല് പേരുകളാണ് ശുപാർശ ചെയ്തത്. അതിൽ ആദ്യ പേരുകാരൻ ഡോ. സജി ഗോപിനാഥ് ആണ്. ഡോ. രാജശ്രീ എം.എസ്., ഡോ. ജിൻ ജോസ്, ഡോ. പ്രിയ ചന്ദ്രൻ എന്നിവരാണ് മുൻഗണന പട്ടികയിൽ രണ്ട്, മൂന്ന്, നാല് സ്ഥാനങ്ങളിൽ ഉള്ളത്. സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ നിയമനത്തിന് മുഖ്യമന്ത്രി കൈമാറിയ പട്ടികയിൽ മൂന്ന് പേരുകൾ ആണ് ശുപാർശ ചെയ്തിരിക്കുന്നത്. ഡോ. സി. സതീഷ് കുമാർ ആണ് മുൻഗണന പട്ടികയിൽ ഒന്നാമൻ. ഡോ. ബിന്ദു ജി.ആർ., ഡോ. പ്രിയ ചന്ദ്രൻ എന്നിവരാണ് പട്ടികയിൽ രണ്ടും മൂന്നും സ്ഥാനത്ത് ഉള്ളത്.

ഡിജിറ്റൽ, സാങ്കേതിക സർവ്വകലാശകളിലെ വൈസ് ചാൻസലർ നിയമനത്തിന് ജസ്റ്റിസ് സുധാൻഷു ദുലിയയുടെ അധ്യക്ഷതയിൽ ഉള്ള സെർച്ച് കമ്മിറ്റി തയ്യാറാക്കിയ രണ്ട് പട്ടികയിലും സിസ തോമസിന്റെ പേര് ഉൾപ്പെട്ടിരുന്നു. എന്നാൽ, വൈസ് ചാൻസലർ ആയി നിയമിക്കാനുള്ള അർഹത ഇല്ലെന്ന് ഗവർണർക്ക് കൈമാറിയ കത്തിൽ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഒക്ടോബർ 14-ആം തീയ്യതിയാണ് ചാൻസലർ കൂടിയായ ഗവർണർക്ക് വൈസ് ചാൻസലർ നിയമനവും ആയി ബന്ധപ്പെട്ട പാനലിന്റെ മുൻഗണന ക്രമം നിശ്ചയിച്ച് കൊണ്ടുള്ള പട്ടിക മുഖ്യമന്ത്രി കൈമാറിയത്.

## ഭീമ കൊറേഗാവ് കേസ്; ഹാനി ബാബുവിന് ജാമ്യം

ന്യൂഡൽഹി: ഭീമ കൊറേഗാവ് കേസിൽ ഡൽഹി യൂണിവേഴ്സിറ്റി മുൻ പ്രഫസർ ഹാനി ബാബുവിന് ജാമ്യം. ബോംബെ ഹൈക്കോടതിയാണ് ജാമ്യം അനുവദിച്ചത്. ജസ്റ്റീസുമാരായ എ.എസ്. ഗഡ്കരി, രഞ്ജിത് സിൻഹ രാജ ഭോൺസാലെ എന്നിവരുടെ ബെഞ്ചാണ് ജാമ്യം അനുവദിച്ചത്. 2020 ജൂലൈ 28 നാണ് എൻഐഎ ഹാനി ബാബുവിനെ അറസ്റ്റ് ചെയ്തത്.

മാവോയിസ്റ്റുകളുമായി ബന്ധമുണ്ടെന്ന് ആരോപിച്ചായിരുന്നു നടപടി. നേരത്തെ ജാമ്യം തേടി ഹാനി ബാബു സുപ്രീംകോടതിയെ സമീപിച്ചിരുന്നു. എന്നാൽ ബോംബെ ഹൈക്കോടതിയെ സമീപിക്കാൻ നിർദേശിച്ചതിനെ തുടർന്ന് ഹർജി പിൻവലിക്കുകയായിരുന്നു.

## ഇനി പുതിയ സംവിധാനം; ടോളിൻെറ പേരിൽ ആരും തടയില്ല: നിതിൻ ഗഡ്കരി

ന്യൂഡൽഹി: ദേശീയ ഹൈവേകളിലൂടെ തടസമില്ലാത്ത യാത്ര സാധ്യമാക്കുന്ന പുതിയ ഇലക്ട്രോണിക് ടോൾ സംവിധാനം ഒരു വർഷത്തിനകം രാജ്യത്തു സാധ്യമാക്കുമെന്നു കേന്ദ്ര ഗതാഗതമന്ത്രി നിതിൻ ഗഡ്കരി. നിലവിലുള്ള ടോൾ സംവിധാനം ഒരു വർഷത്തിനകം പൂർണമായി നിർത്തലാക്കിയാണ് പുതിയ സംവിധാനം വരികയെന്നു ഗഡ്കരി ലോക്സഭയിൽ പറഞ്ഞു. പത്തിടങ്ങളിൽ ഇതിനോടകം പുതിയ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്നും ടോൾ പിരിവിന്റെ പേരിൽ ആരും നിങ്ങളെ ഇനി തടയില്ലെന്നും മന്ത്രി സഭയിൽ പറഞ്ഞു.

അടുത്തിടെ പുറത്തിറക്കിയ ഔദ്യോഗിക പ്രസ്താവനയനുസരിച്ചു ദേശീയ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) വികസിപ്പിച്ചെടുത്ത ദേശീയ ഇലക്ട്രോണിക് ടോൾ കളക്ഷൻ (എൻഇടിസി) പ്രോഗ്രാമിലൂടെയാണ് യാത്രക്കാർക്ക് ഇലക്ട്രോണിക് പേയ്മെൻറ് നടത്താൻ കഴിയുന്നത്.

വാഹനത്തിൻറെ വിൻഡ് സ്ക്രീനിൽ ഘടിപ്പിച്ചിരിക്കുന്ന റേഡിയോ ഫ്രീക്വൻസ് ഐഡൻറിഫിക്കേഷൻ (ആർഎഫ്ഐഡി) അധിഷ്ഠിതമായ ഉപകരണത്തിലൂടെയാണ് ടോൾ പിരിവ് സാധ്യമാകുന്നത്. ടോൾ പ്ലാസയിൽ വാഹനം നിർത്താതെതന്നെ ഉപയോക്താവിൻറെ ബന്ധപ്പെട്ട അക്കൗണ്ടിൽനിന്നു ടോൾ പേയ്മെൻറുകൾ സ്വയമേ നടത്താൻ ഈ ഉപകരണത്തിലൂടെ കഴിയുന്നു.

## ചെങ്കടലിലെ കപ്പൽ ആക്രമണം; യെമൻ തടഞ്ഞുവച്ച മലയാളിയെ മോചിപ്പിച്ചു

ന്യൂഡൽഹി: യെമൻ തടഞ്ഞുവച്ച മലയാളി അനിൽ കുമാർ രവീന്ദ്രനെ മോചിപ്പിച്ചു. ആലപ്പുഴ കായംകുളം സ്വദേശിയാണ്. അനിൽകുമാർ രവീന്ദ്രനെ മസ്കറ്റിൽ എത്തിച്ചയായും ഉടൻ ഇന്ത്യയിലേക്ക് മടങ്ങുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

ചെങ്കടലിൽ ഹൂതി വിമതരുടെ ആക്രമണത്തിൽ തകർന്ന ചരക്ക് കപ്പലിലെ അംഗമായിരുന്നു അനിൽകുമാർ രവീന്ദ്രൻ. കപ്പപ്പിലെ മറ്റ് 10 പേരെയും മോചിപ്പിച്ചു. താൻ യെമനിലുണ്ടെന്ന് അനിൽ കുമാർ കുടുംബത്തെ അറിയിച്ചെങ്കിലും പിന്നീട് വിവരങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഗ്രീക്ക് കമ്പനിയുടെ ലൈബീരിയൻ റജിസ്ട്രേഷനുള്ള ഏറ്റേണിറ്റി സി എന്ന കപ്പലാണ് ആക്രമണത്തിന് ഇരയായത്. രണ്ട് ഇന്ത്യക്കാർ ഉൾപ്പെടെ 30 ഓളം ജീവനക്കാർ ആയിരുന്നു കപ്പലിൽ ഉണ്ടായിരുന്നത്.



# വമ്പൻ തിരിച്ചുവരവിന് ഒരുങ്ങി മമ്മൂട്ടി

## കളങ്കാവൽ കേരള പ്രീസെയിൽസ് ഒന്നര കോടിയിലേക്ക്; ചിത്രം ഡിസംബർ 5ന് പ്രദർശനത്തിന്




മമ്മൂട്ടി, വിനായകൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ജിതിൻ കെ. ജോസ് സംവിധാനം നിർവഹിച്ച കളങ്കാവലിന്റെ കേരളാ പ്രീസെയിൽസ് 1 കോടി 25 ലക്ഷവും കടന്ന് കുതിക്കുന്നു. റിലീസ് ചെയ്യാൻ ഇനിയും ഒരു ദിവസത്തിലധികം ബാക്കി നിൽക്കെയാണ് ചിത്രം ഈ നേട്ടം സ്വന്തമാക്കിയത്. അധികം വൈകാതെ തന്നെ ചിത്രത്തിന്റെ കേരളാ പ്രീസെയിൽസ് ഒന്നര കോടി കടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചിത്രത്തിന്റെ കേരളത്തിലെ ഓൺലൈൻ ടിക്കറ്റ് ബുക്കിങ്ങിനു ഗംഭീര പ്രതികരണമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. ഡിസംബർ അഞ്ചിനാണ് ചിത്രം ആഗോള റിലീസായി പ്രേക്ഷകരുടെ മുന്നിലെത്തുന്നത്. മമ്മൂട്ടി കമ്പനി നിർമ്മിക്കുന്ന ഈ ചിത്രം വേഫറർ ഫിലിംസ് ആണ് കേരളത്തിൽ വിതരണം ചെയ്യുന്നത്. ജിഷ്ണു ശ്രീകുമാറും ജിതിൻ കെ ജോസും ചേർന്ന് തിരക്കഥ രചിച്ച കളങ്കാവൽ, മമ്മൂട്ടി കമ്പനിയുടെ ബാനറിൽ നിർമ്മിക്കുന്ന ഏഴാമത്തെ ചിത്രം കൂടിയാണ്.

ഈ കഴിഞ്ഞ തിങ്കളാഴ്ച രാവിലെ 11.11 നാണ് ചിത്രത്തിന്റെ കേരളത്തിലെ ഓൺലൈൻ ബുക്കിംഗ് തുടങ്ങിയത്. ബുക്കിംഗ് തുടങ്ങി ഉടൻ തന്നെ ബുക്ക് മൈ ഷോ ആപ്പിൽ ട്രെൻഡ് ചെയ്യാൻ ആരംഭിച്ച ചിത്രം ഇപ്പോഴും ട്രെൻഡിങ്ങിൽ തുടരുകയാണ്. ബുക്ക് മൈ ഷോ കൂടാതെ, ടിക്കറ്റ് ന്യൂ, ഡിസ്ട്രിക്ട് തുടങ്ങിയ ടിക്കറ്റ് ബുക്കിംഗ് ആപ്പുകളിലൂടെയും ചിത്രത്തിന്റെ ടിക്കറ്റുകൾ അഡ്വാൻസ് ആയി ബുക്ക് ചെയ്യാവുന്നതാണ്. കേരളത്തിന് പുറത്തും ചിത്രത്തിന് മികച്ച ബുക്കിംഗ് ലഭിക്കുന്നുണ്ട്. ആഗോള തലത്തിലും മികച്ച അഡ്വാൻസ് ബുക്കിംഗ് ആണ് ചിത്രം നേടുന്നത്. ട്രൂത് ഗ്ലോബൽ ഫിലിംസ് ആണ് ചിത്രത്തിന്റെ ഓവർസീസ് ഡിസ്ട്രിബൂഷൻ പാർട്ണർ.

തിങ്കളാഴ്ച പുറത്തു വന്ന ചിത്രത്തിന്റെ പ്രീ റിലീസ് ടീസറിനും വമ്പൻ പ്രേക്ഷക പ്രതികരണമാണ് ലഭിച്ചത്. പോലീസ് ഓഫീസർ ആയി വിനായകനെയും, മനുഷ്യരെ കൊല്ലുന്നതിൽ സുഖം കണ്ടെത്തുന്ന ഒരു സൈക്കോ കൊലയാളി ആയി മമ്മൂട്ടിയെയും അവതരിപ്പിച്ച പ്രീ റിലീസ് ടീസർ, സോഷ്യൽ മീഡിയയിൽ ഇപ്പോൾ വൈറലാണ്. ക്രൈം ഡ്രാമ ത്രില്ലർ ആയൊരുക്കിയ ചിത്രത്തിന്റെ ഹൈലൈറ്റ് മമ്മൂട്ടി, വിനായകൻ എന്നിവരുടെ ഗംഭീര പ്രകടനങ്ങളാണ് എന്നാണ് സൂചന. ഫ്യൂച്ചർ റണ്ണപ് ഫിലിംസ് ആണ് ചിത്രം തമിഴ്നാട് വിതരണം ചെയ്യുന്നത്. മലയാളത്തിലെ ഏറ്റവും വലിയ ഹിറ്റായ 'ലോക' ഉൾപ്പെടെയുള്ള ചിത്രങ്ങൾ തമിഴ്നാട് വിതരണം ചെയ്തതും ഫ്യൂച്ചർ റണ്ണപ് ഫിലിംസ് ആണ്.

ദുൽഖർ സൽമാൻ നായകനായെത്തിയ സൂപ്പർഹിറ്റ് ചിത്രം 'കുറുപ്പ്'ന്റെ കഥ ഒരുക്കി ശ്രദ്ധ നേടിയ ജിതിൻ കെ ജോസ് ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രമാണ് കളങ്കാവൽ. ചിത്രത്തിന്റെ ട്രെയ്‌ലറിനും ഗാനങ്ങൾക്കും മികച്ച അഭിപ്രായമാണ് പ്രേക്ഷകർ നൽകുന്നത്. ചിത്രത്തിലെ ഗാനങ്ങൾ എല്ലാം വലിയ ശ്രദ്ധ നേടിയിട്ടുണ്ട്. എട്ട് മാസത്തെ ഇടവേളക്ക് ശേഷം തീയേറ്ററുകളിൽ എത്തുന്ന മമ്മൂട്ടി ചിത്രമെന്ന നിലയിൽ വലിയ ആകാംഷയോടെയും ആവേശത്തോടെയുമാണ് പ്രേക്ഷകരും മലയാള സിനിമാ ലോകവും കളങ്കാവൽ കാത്തിരിക്കുന്നത്. സെൻസറിങ് പൂർത്തിയാക്കിയ ചിത്രത്തിന് ഡ/അ 16+ സർട്ടിഫിക്കറ്റ് ആണ് ലഭിച്ചത്.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ - ജോർജ് സെബാസ്റ്റ്യൻ, ഛായാഗ്രഹണം- ഫൈസൽ അലി, സംഗീതം - മുജീബ് മജീദ്, എഡിറ്റർ - പ്രവീൺ പ്രഭാകർ, ലൈൻ പ്രൊഡ്യൂസർ- സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ- അരോമ മോഹൻ, പ്രൊഡക്ഷൻ ഡിസൈനർ- ഷാജി നടുവിൽ, ഫൈനൽ മിക്സ് - എം ആർ രാജാകൃഷ്ണൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ- ബോസ്, മേക്കപ്പ്- അമൽ ചന്ദ്രൻ, ജോർജ് സെബാസ്റ്റ്യൻ, വസ്ത്രാലങ്കാരം - അഭിജിത്ത് സി, വരികൾ - വിനായക് ശശികുമാർ, ഹരിത ഹരി ബാബു, കളറിസ്റ്റ് - ലിജു പ്രഭാകർ, സംഘട്ടനം - ആക്ഷൻ സന്തോഷ്, സൗണ്ട് ഡിസൈൻ - കിഷൻ മോഹൻ, വിഎഫ്എക്സ് സൂപ്പർവൈസർ - എസ് സന്തോഷ് രാജു, വിഎഫ്എക്സ് കോഓർഡിനേറ്റർ - ഡിക്സൻ പി ജോ, വിഎഫ്എക്സ് - വിശ്വ എഫ് എക്സ്, സിങ്ക് സൗണ്ട് - സപ്ത റെക്കോർഡ്സ്, സ്റ്റിൽസ്- നിദാദ്, ടൈറ്റിൽ ഡിസൈൻ - ആഷിഫ് സലീം, പബ്ലിസിറ്റി ഡിസൈൻസ്- ആന്റണി സ്റ്റീഫൻ, ആഷിഫ് സലീം, ഡിജിറ്റൽ മാർക്കറ്റിംഗ്- വിഷ്ണു സുഗതൻ, ഓവർസീസ് ഡിസ്ട്രിബൂഷൻ പാർട്ണർ- ട്രൂത് ഗ്ലോബൽ ഫിലിംസ്, പിആർഓ - വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.



# നിറഞ്ഞ കയ്യടികളുമായി പ്രേക്ഷകർ; IFFIയിൽ വമ്പൻ പ്രശംസ നേടി രാജേഷ് മാധവന്റെ 'പെണ്ണും പൊറാട്ടും'

ഗോവയിൽ നടക്കുന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യയിൽ വമ്പൻ പ്രശംസ നേടി പ്രശസ്ത നടൻ രാജേഷ് മാധവൻ ആദ്യമായി സംവിധാനം ചെയ്ത 'പെണ്ണും പൊറാട്ടും'. കഴിഞ്ഞ ദിവസമായിരുന്നു ഐഎഫ്എഫ്ഐയിൽ ഈ ചിത്രത്തിന്റെ പ്രീമിയർ അരങ്ങേറിയത്. വലിയ പ്രേക്ഷക പിന്തുണയോടെ നടന്ന ചിത്രത്തിന്റെ പ്രീമിയറിനു ശേഷം വലിയ കയ്യടികളും പ്രശംസയുമാണ് ചിത്രത്തിന് ലഭിച്ചത്.

ബുധനാഴ്ച്ച വൈകുന്നേരം ചലച്ചിത്രോത്സവത്തിലെ പ്രധാന വേദിയായ ഐനോക്സിൽ നിറഞ്ഞ സദസ്സിലായിരുന്നു ചിത്രം പ്രദർശിപ്പിച്ചത്. ഗാല പ്രീമിയർ വിഭാഗത്തിൽ ആണ് ചിത്രത്തിന്റെ പ്രീമിയർ നടന്നത്. ഒട്ടേറെ മികച്ച അന്തർദേശീയ, രാജ്യാന്തര ചലച്ചിത്രങ്ങൾക്കൊപ്പം ഈ വിഭാഗത്തിൽ ഈ വർഷം പ്രദർശിപ്പിച്ച ഒരേയൊരു മലയാള സിനിമയാണ് പെണ്ണും പൊറാട്ടും എന്ന പ്രത്യേകതയുമുണ്ട്. സാമൂഹിക- ആക്ഷേപ ഹാസ്യം എന്ന ജോണറിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത്.

'ന്നാ താൻ കേസ് കൊട്', 'ആൻഡ്രോയിഡ് കുഞ്ഞപ്പൻ' തുടങ്ങിയ ഹിറ്റ് സിനിമകൾ നിർമ്മിച്ച സന്തോഷ് ടി കുരുവിള, ബിനു ജോർജ് അലക്സാണ്ടർ എന്നിവർ ചേർന്ന് നിർമിച്ച ഈ ചിത്രത്തിൽ സുട്ടു എന്ന നായയും നൂറോളം പുതുമുഖ അഭിനേതാക്കളും പരിശീലനം ലഭിച്ച നാനൂറിലധികം മൃഗങ്ങളും ആണ് അണിനിരന്നത്. പട്ടട എന്ന ഗ്രാമത്തിലാണ് ചിത്രത്തിന്റെ കഥ നടക്കുന്നത്. ഗോപാലൻ മാസ്റ്റർ, ചാരുലത, ബാബുരാജ്, ബാബുരാജിന്റെ നായയായ സുട്ടു എന്നീ കഥാപാത്രങ്ങളെ ചുറ്റിപ്പറ്റിയാണ് ചിത്രത്തിന്റെ കഥ വികസിക്കുന്നത്. മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള ബന്ധവും ചിത്രത്തിന്റെ ഇതിവൃത്തത്തിന്റെ ഭാഗമാണ്. രവിശങ്കറിന്റെ തിരക്കഥയിൽ, രാജേഷ് മാധവൻ സംവിധാനം ചെയ്ത ചിത്രം, 2026 ജനുവരിയിൽ തീയേറ്ററുകളിലെത്തും. ഇത് കൂടാതെ, കേരളത്തിന്റെ സ്വന്തം അന്താരാഷ്ട്ര ചലച്ചിത്രോത്സവമായ കഎഎഗയിൽ മലയാളം സിനിമ ടുഡേ വിഭാഗത്തിലും ചിത്രം പ്രദർശിപ്പിക്കും.

ഛായാഗ്രഹണം- സബിൻ ഊരാളിക്കണ്ടി, സംഗീതം- ഡോൺ വിൻസെന്റ്, ചിത്രസംയോജനം - ചമൻ ചാക്കോ, കോ പ്രൊഡ്യൂസർ- ഷെറിൻ റേച്ചൽ സന്തോഷ്, പ്രൊഡക്ഷൻ കൺട്രോളർ- ബെന്നി കട്ടപ്പന, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ- അരുൺ സി തമ്പി, സൗണ്ട് ഡിസൈനർ- ശ്രീജിത്ത് ശ്രീനിവാസൻ, കലാസംവിധാനം- വിനോദ് പട്ടണക്കാടൻ, മേക്കപ്പ്- റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം- ടിനോ ഡേവിസ് & വിശാഖ് സനൽകുമാർ, പോസ്റ്റർ ഡിസൈൻസ്- സർക്കാസനം, പി ആർ ഒ - വൈശാഖ് വടക്കേവീട് & ജിനു അനിൽ കുമാർ.

# 'അടി നാശം വെള്ളപ്പൊക്കം' ടീസർ പുറത്തിറങ്ങി

## 10 വർഷത്തിന് ശേഷം വീണ്ടുമൊരു അടി





സൂര്യഭാരതി ക്രിയേഷൻസിന്റെ ബാനറിൽ മനോജ് കുമാർ കെ പി നിർമ്മിച്ച്, അടി കപ്യാരേ കൂട്ടമണി, ഉറിയടി എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്ത എ ജെ വർഗീസ് ഒരുക്കുന്ന 'അടി നാശം വെള്ളപ്പൊക്കം' സിനിമയുടെ ടീസർ പുറത്തിറങ്ങി. ഹൈറേഞ്ചിൽ സ്ഥിതി ചെയ്യുന്ന ഇന്റർനാഷണൽ സ്കൂളിന്റെ പശ്ചാത്തലത്തിൽ മൂന്നു നാലു വിദ്യാർത്ഥികളിലൂടെ കഥ പറഞ്ഞു പോകുന്ന ചിത്രം ഒരു മുഴുനീള കോമഡി ചിത്രം കൂടിയായിരിക്കുമെന്നാണ് ടീസർ വ്യക്തമാക്കുന്നത്. കുറെ വർഷങ്ങൾക്ക് ശേഷം പ്രേം കുമാർ തന്റെ കോമഡി പ്രകടനവുമായി ശക്തമായി തിരിച്ചു വരുന്ന ചിത്രം കൂടിയാണ് അടിനാശം വെള്ളപൊക്കം എന്ന പ്രതീക്ഷ കൂടി ടീസർ തരുന്നുണ്ട്. അതോടൊപ്പം ഷൈൻ ടോം ചാക്കോ , ബൈജു സന്തോഷ് എന്നിവരും ടീസറിൽ കോമഡി രംഗങ്ങളുമായി മുൻപിട്ട് നിൽക്കുന്നുണ്ട്.

10 വർഷങ്ങൾക്ക് മുൻപ് ഡിസംബറിൽ ആയിരുന്നു എ ജെ വർഗീസിന്റെ സംവിധാനത്തിൽ ഒരുങ്ങിയ അടി കപ്യാരേ കൂട്ടമണി എന്ന സിനിമ പുറത്തിറങ്ങിയത്. അന്ന് സൂപ്പർ ഹിറ്റായ ചിത്രത്തിന് ഇന്നും റിപീറ്റ് ഡിജിറ്റൽ ഓഡിയൻസ് ഉണ്ട്. വീണ്ടും വർഷങ്ങൾക്ക് ശേഷം മറ്റൊരു കോമഡി എന്റെർറ്റൈനറുമായി സംവിധായകൻ എത്തുമ്പോൾ പ്രേക്ഷകർക്കു പ്രതീക്ഷ കൂടുതലാണ്. മഞ്ജു പിള്ള, ബാബു ആന്റണി, ജോൺ വിജയ്, അശോകൻ, ശ്രീകാന്ത് വെട്ടിയാർ, വിനീത് മോഹൻ, രാജ് കിരൺ തോമസ്, സജിത്ത് തോമസ്, സഞ്ജയ് തോമസ്, പ്രിൻസ്, ലിസബേത് ടോമി തുടങ്ങിയവരും 'അടി നാശം വെള്ളപ്പൊക്കം' ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

എൻജിനിയറിങ് കോളജിൻറെ പശ്ചാത്തലത്തിൽ മുഴുനീള ഫൺ ത്രില്ലർ മൂവിയായി അവതരിപ്പിക്കുന്ന 'അടിനാശം വെള്ളപ്പൊക്കം' സിനിമയുടെ ടൈറ്റിൽ ലോഞ്ച് നടി ശോഭനയായിരുന്നു നിർവഹിച്ചത്. തൃശൂർ വച്ച് നടന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ പൂരനഗരിയെയും വടക്കുംനാഥനെയും സാക്ഷിയാക്കി 'അടിനാശം വെള്ളപ്പൊക്കം' എന്ന ടൈറ്റിൽ ഗജരാജൻ ഉഷ ശ്രീ ശങ്കരൻകുട്ടി തിടമ്പേറ്റിയതും ശ്രദ്ധേയമായ വാർത്തയായിരുന്നു.

പ്രൊജക്റ്റ് ഡിസൈനർ - ആർ ജയചന്ദ്രൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസഴ്സ്- എസ് ബി മധു, താര അതിയാടത്ത്, ഛായാഗ്രഹണം- സൂരജ് എസ് ആനന്ദ്, എഡിറ്റർ- കാ.കാ, കലാസംവിധാനം- ശ്യാം, വസ്ത്രലങ്കാരം- സൂര്യ ശേഖർ, ഗസ്റ്റ് മ്യൂസിക് ഡയറക്ടർ- സുരേഷ് പീറ്റേഴ്സ്, സംഗീത സംവിധാനം- ഇലക്ട്രോണിക് കിളി, രാമ കൃഷ്ണൻ ഹരീഷ്, സൗണ്ട് മിക്സിങ്- ജിജുമോൻ ടി ബ്രൂസ്, കളറിസ്റ്റ് - ലിജു പ്രഭാകർ, ബി ജി എം- ശ്രീരാഗ് സുരേഷ്, ഗാനരചന- ടിറ്റോ പി തങ്കച്ചൻ, മുത്തു, ഇലക്ട്രോണിക് കിളി, സുരേഷ് പീറ്റേഴ്സ്, വിജയാനന്ദ്, ആരോമൽ ആർ വി, മേക്കപ്പ്- അമൽ കുമാർ കെ സി, പ്രൊഡക്ഷൻ കൺട്രോളർ- സേതു അടൂർ, ക്രീയേറ്റീവ് പ്രൊഡ്യൂസർ- ജെമിൻ ജോം അയ്യനേത്, ആക്ഷൻ - തവാസി രാജ് മാസ്റ്റർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ- ഷഹദ് സി, വി എഫ് എക്സ്- പിക്റ്റോറിയൽ എഫ് എക്സ്, പി ആർ ഒ- അക്ഷയ് പ്രകാശ്, സ്റ്റീൽസ്- റിഷാജ് മുഹമ്മദ്, ബോയാക് അജിത് കുമാർ, ജിത്തു ഫ്രാൻസിസ്, പബ്ലിസിറ്റി ഡിസൈൻസ്- യെല്ലോടൂത്ത്സ്, ടീസർ കട്ട്സ്- ടിജോ തോമസ്, വിതരണം- ശ്രീപ്രിയ കോംബിൻസ്.

# വരുന്നു 'ജി.ഡി.എൻ'; ഇന്ത്യൻ എഡിസനായി ആർ. മാധവന്റെ ഫസ്റ്റ്ലുക്ക് റിലീസായി...




ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രിക്ക് മോട്ടറിന്റെ സൃഷ്ടാവ് എന്നറിയപ്പെടുന്ന ഗോപാൽസ്വാമി ദൊരൈ സ്വാമി നായിഡുവിന്റെ ബയോപിക് സിനിമയിൽ ജി.ഡി. നായിഡുവിന്റെ വേഷത്തിലൂടെ മായാത്ത മുദ്ര പതിപ്പിക്കാൻ ഒരുങ്ങുകയാണ് ആർ. മാധവൻ. മാധവനെ നായകനാക്കി നവാഗതനും പ്രമുഖ പരസ്യ സംവിധായകനുമായ കൃഷ്ണകുമാർ രാമകുമാർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ജി.ഡി.എൻ എന്ന ചിത്രത്തിന്റെ ഫസ്റ്റ്ലുക്ക് പോസ്റ്റർ റിലീസായി. പോസ്റ്ററിൽ ജി.ഡി നായിഡുവിന്റെ വേഷത്തിലുള്ള മാധവനെ കാണാം. "റോക്കട്രി: ദി നമ്പി ഇഫക്റ്റ്" എന്ന ചിത്രത്തിന് 2022ലെ മികച്ച ഫീച്ചർ ഫിലിമിനുള്ള ദേശീയ അവാർഡ് ലഭിച്ചതിന് ശേഷം, വർഗീസ് മൂലൻ പിക്ചേഴ്സും, ട്രൈകളർ ഫിലിംസും, മീഡിയ മാക്സ് എന്റർടൈൻമെന്റസും ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിൽ മാധവനെ കൂടാതെ പ്രിയാമണി, ജയറാം, സത്യരാജ്, വിനയ് റായ്, ദുഷാര വിജയൻ, കനിഹ, ഷീല ,കരുണാകരൻ, ടീജയ് അരുണാചലം, തമ്പി രാമയ്യ, വിജയ് യേശുദാസ്, ആടുകളം നരേൻ, ജോണി വിജയ്, ജൻസൺ ദിവാകർ, ബ്രിജിഡ സാഗ തുടങ്ങിയവരും അഭിനയിക്കുന്നു. വർഗീസ് മൂലൻസ് ഗ്രൂപ്പിന്റെ നാൽപതാം വാർഷികത്തിന്റെ വേദിയിലാണ് പോസ്റ്റർ റിലീസ് ചെയ്തത്.

വർഗീസ് മൂലൻ, വിജയ് മൂലൻ, ആർ. മാധവൻ, സരിത മാധവൻ എന്നിവർ ചേർന്നു നിർമിക്കുന്ന ചിത്രത്തിൽ സോണൽ പണ്ടേ,സഞ്ജയ് ബെകൂർ എന്നിവർ സഹനിർമാതാക്കളാവുന്നു. ചിത്രത്തിന്റെ സംഗീതം ഗോവിന്ദ് വസന്തയാണ്. 'ഇന്ത്യയുടെ എഡിസൺ', 'കോയമ്പത്തൂരിന്റെ സാമ്പത്തിക സ്രഷ്ടാവ്' എന്നുള്ള പേരിൽ അറിയപ്പെട്ടിരുന്ന പ്രശസ്ത ശാസ്ത്രജ്ഞനും ദേശീയ നായകനുമായ, ജി. ഡി നായിഡുവിന്റെ ജന്മസ്ഥലമായ കോയമ്പത്തൂരിലാണ് ചിത്രതിന്റെ ഇന്ത്യൻ ഷെഡ്യൂൾ പൂർത്തിയാക്കിയത്. തമിഴിൽ ചിത്രീകരിക്കുന്ന സിനിമ തമിഴ് കൂടാതെ ഹിന്ദി, മലയാളം, കന്നഡ, തെലുങ്ക് എന്നീ ഭാഷകളിലായി പാൻ ഇന്ത്യൻ തലത്തിലാണ് റിലീസ് ചെയ്യുക. ചിത്രത്തിന്റെ ഛായാഗ്രാഹകനും ക്രിയേറ്റീവ് പ്രൊഡ്യൂസറുമായി അരവിന്ദ് കമലനാഥൻ നിർവഹിക്കുമ്പോൾ മുരളീധരൻ സുബ്രഹ്മണ്യം എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ആവുന്നു. പ്രമോഷൻ കൺസൾട്ടന്റ്: മിഥുൻ മുരളി, ഡിജിറ്റൽ മാർക്കറ്റിംഗ്: ലിറ്റിൽ ഫ്രെയിംസ് എന്റർടെയ്ൻമെന്റ്




# ഇന്ത്യ - യുകെ സഹകരണത്തോടെ ആനിമേറ്റഡ് ഫീച്ചർ സിനിമ

ഹൈദരാബാദ്: ചോട്ടാ ഭീം, മൈറ്റി രാജു തുടങ്ങിയ കുട്ടികളുടെ കഥാപാത്രങ്ങളെ സൃഷ്ടിച്ചുകൊണ്ട് ശ്രദ്ധേയമായ ഇന്ത്യൻ ആനിമേഷൻ സ്റ്റുഡിയോ ഗ്രീൻ ഗോൾഡ് അനിമേഷൻ, യുകെയുടെ റെഡ് കൈറ്റ് ആനിമേഷനുമായി ചേർന്ന് 'ദി അസാസിൻ' എന്ന പേരിൽ ഒരു ആനിമേറ്റഡ് ഫീച്ചർ സിനിമ നിർമ്മിക്കുന്നു. ഗോവ ഫിലിം ഫെസ്റ്റിവലിൽ വെച്ചാണ് പ്രഖ്യാപനം നടന്നത്. പ്രശസ്ത ചലച്ചിത്രകാരൻ മാർട്ടിൻ പിക്ക് ആണ് ഈ ചിത്രം എഴുതി സംവിധാനം ചെയ്യുന്നത്.

സമീപഭാവിയിലെ ഒരു നഗരത്തിൽ നടക്കുന്ന കഥയാണിത്. ഒരു വ്യവസായ ദുരന്തത്തിൽ എല്ലാം നഷ്ടപ്പെടുന്ന യുവാവ് നീതിക്കായുള്ള പോരാട്ടത്തിൽ പ്രതികാരത്തിന്റെ പാതയിലേക്ക് മാറുന്നതാണ് പ്രമേയം. ഇന്ത്യ - യുകെ ഓഡിയോ-വിഷ്വൽ കോ-പ്രൊഡക്ഷൻ ഉടമ്പടി പ്രകാരമാണ് ഈ സംരംഭം. ലൈവ്-ആക്ഷൻ, റോട്ടോസ്കോപ്പിംഗ്, ഹൈ-എൻഡ് 2ഡി/3ഡി ആനിമേഷൻ എന്നിവ സംയോജിപ്പിച്ചുള്ള ഒരു ഹൈബ്രിഡ് നിർമ്മാണ ശൈലിയാണ് സിനിമയ്ക്കായി ഉപയോഗിക്കുന്നത്.

ഇന്ത്യൻ ആനിമേഷന് ആഗോള തലത്തിൽ മികച്ച നിലവാരം പുലർത്താൻ കഴിവുണ്ടെന്ന് ഗ്രീൻ ഗോൾഡ് സ്ഥാപകനും സിഇഒയുമായ രാജീവ് ചിലക പറഞ്ഞു. രണ്ട് രാജ്യങ്ങളിലെയും മികച്ച പ്രതിഭകളെയും സർഗ്ഗാത്മകതയെയും ഒരുമിച്ച് കൊണ്ടുവരുന്ന ഈ പ്രോജക്റ്റിന് വലിയ ആഗോള സാധ്യതയുണ്ടെന്ന് റെഡ് കൈറ്റ് സിഇഒ കെൻ ആൻഡേഴ്സൺ അഭിപ്രായപ്പെട്ടു.

# അഭിഭാഷകൻ പിതാവിനെ കൊന്ന സംഭവം; ആസൂത്രിത കൊലപാതകമെന്ന് പോലീസ്

കായംകുളം: കണ്ടല്ലൂർ തെക്ക് കളരിക്കൽ ജംഗ്ഷനിൽ അഭിഭാഷകൻ പിതാവിനെ വെട്ടിക്കൊന്ന സംഭവത്തിൽ നിർണായക വിവരങ്ങൾ പുറത്ത്. പീടികച്ചിറയിൽ നടരാജൻ (63) കൊല്ലപ്പെട്ടത് ലഹരിപ്പുറത്തുള്ള തർക്കം മൂലമല്ലെന്നും, സാമ്പത്തിക ലക്ഷ്യത്തോടെയുള്ള ആസൂത്രിത കൊലപാതകമാണെന്നുമാണ് പോലീസിന് ലഭിക്കുന്ന സൂചന.

ലഹരിക്ക് അടിമയായിരുന്ന മകൻ നവജിത് പെട്ടെന്നുണ്ടായ പ്രകോപനത്തിൽ അക്രമം നടത്തിയെന്നായിരുന്നു ആദ്യ നിഗമനം. എന്നാൽ നടരാജൻറെ മുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന ഏഴു ലക്ഷത്തോളം രൂപയും 50 പവനോളം സ്വർണാഭരണങ്ങളും കൈക്കലാക്കാനുള്ള ശ്രമമാണ് ദാരുണമായ കൊലപാതകത്തിൽ കലാശിച്ചതെന്നാണ് അന്വേഷണ സംഘം സംശയിക്കുന്നത്.

പണം ആവശ്യപ്പെട്ട് മകൻ നിരന്തരം വഴക്കുണ്ടാക്കുമായിരുന്നതിനാൽ നടരാജൻ അലമാരയുടെ താക്കോൽ എപ്പോഴും ഷർട്ടിൻറെ പോക്കറ്റിൽ സൂക്ഷിക്കുകയാണ് പതിവ്. എന്നാൽ സംഭവത്തിന് ശേഷം പോലീസ് പരിശോധിക്കുമ്പോൾ അലമാരയിൽ മറ്റൊരു താക്കോൽ കണ്ടെത്തിയിരുന്നു. സ്പെയർ താക്കോൽ ഉപയോഗിച്ച് അലമാര തുറക്കാൻ നവജിത് ശ്രമിച്ചിരുന്നതായാണ് ഇത് നൽകുന്ന സൂചന. സംഭവം നടന്ന ദിവസം ഉച്ചകഴിഞ്ഞ് വീട്ടിൽ വഴക്കുണ്ടാവുകയും, തുടർന്ന് നവജിത് പലതവണ പുറത്തുപോവുകയും ചെയ്തതിൻറെ സിസിടിവി ദൃശ്യങ്ങൾ പോലീസിന് ലഭിച്ചിട്ടുണ്ട്.

അമ്മയുടെ നില അതീവ ഗുരുതരമാണ്. മകൻറെ വെട്ടേറ്റ് ഗുരുതര പരിക്കേറ്റ മാതാവ് സിന്ധു തിരുവല്ലയിലെ സ്വകാര്യ ആശുപത്രിയിൽ അതീവ ഗുരുതരാവസ്ഥയിൽ തുടരുകയാണ്. തലയ്ക്കും കൈകൾക്കും ആഴത്തിൽ മുറിവേറ്റ ഇവർക്ക് ഇതിനോടകം മൂന്ന് ശസ്ത്രക്രിയകൾ നടത്തി. തലയ്ക്ക് നേരെയുണ്ടായ വെട്ട് തടുക്കുന്നതിനിടെ രണ്ട് കൈവിരലുകൾ പൂർണ്ണമായും അറ്റുപോയിരുന്നു. ഭർത്താവ് കൊല്ലപ്പെട്ടതോ മകൻ ജയിലിലായതോ അറിയാതെയാണ് സിന്ധു ജീവനുവേണ്ടി പോരാടുന്നത്. മകന് കഴിക്കാനായി മേശപ്പുറത്ത് അമ്മ വിളമ്പിവെച്ച ഭക്ഷണത്തിന് മുന്നിലായിരുന്നു രക്തത്തിൽ കുളിച്ചു കിടന്ന ദമ്പതികളെ കണ്ടെത്തിയത് എന്നത് നാടിനെ ആകെ നൊമ്പരത്തിലാഴ്ത്തി.

കൊല്ലപ്പെട്ട നടരാജൻറെ സംസ്കാരം കഴിഞ്ഞ ദിവസം രാവിലെ വീട്ടുവളപ്പിൽ നടന്നു. അതിനിടെ, പൂർണ ഗർഭിണിയായ നവജിത്തിൻറെ ഭാര്യ നവ്യയെ ശാരീരിക അസ്വസ്ഥതകളെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രതിയെ കസ്റ്റഡിയിൽ വാങ്ങുന്നതിനായി പോലീസ് ഹരിപ്പാട് കോടതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്.

# 'പ്രതിപക്ഷം സഭാനടപടികൾ തടസ്സപ്പെടുത്തുന്നു'; ഇന്ത്യ സഖ്യത്തെ വെട്ടിലാക്കി വീണ്ടും തരൂർ

തിരുവനന്തപുരം: വീണ്ടും കോൺഗ്രസിനേയും ഇന്ത്യ സഖ്യത്തെയും സമ്മർദ്ദത്തിലാക്കി ശശി തരൂർ എംപി. പ്രതിപക്ഷ പാർട്ടികൾ പാർലമെന്റിൽ ഉത്തരവാദിത്വം മറന്ന് പെരുമാറുന്നുവെന്ന് വിമർശനം. പാർലമെന്റ് നടപടികൾ തടസ്സപ്പെടുത്തുന്നതിനാണ് പ്രതിപക്ഷം പ്രാധാന്യം കൊടുക്കുന്നതെന്ന് ശശി തരൂർ ഇന്ത്യ എക്സ്പ്രസിൽ എഴുതിയ ലേഖനത്തിൽ വിമർശിക്കുന്നു.

പാർലമെന്റിനകത്ത് ചർച്ചകളിലൂടെ ഭരണപക്ഷത്തെ വെല്ലുവിളിക്കാനുള്ള അവസരങ്ങൾ ഉപയോഗിക്കാതെ, ബഹളമുണ്ടാക്കി ചർച്ചകളേയും സഭാനടപടികളും തടസപ്പെടുത്തുന്ന രീതിയാണ് പ്രതിപക്ഷം തുടരുന്നത്. യുപിഎ സർക്കാരിന്റെ കാലത്ത് ബിജെപി നടത്തിക്കൊണ്ടിരുന്ന അതേരീതിയിലാണ് ഇന്ത്യ സഖ്യം മുമ്പോട്ട് പോകുന്നത്. ഇത് ശരിയല്ല. നഷ്ടം ഉണ്ടാകുന്നത് പ്രതിപക്ഷത്തിന് തന്നെയാണെന്ന് ശശി തരൂർ ലേഖനത്തിൽ പറയുന്നു.

ചോദ്യോത്തര വേള, ശൂന്യവേള അടക്കം കേന്ദ്ര സർക്കാരിനേയും കേന്ദ്ര മന്ത്രിമാരേയും മുൾമുനയിൽ നിർത്താൻ സാധിക്കുന്ന അവസരങ്ങൾ ഫലപ്രദമായി പ്രതിപക്ഷം ഉപയോഗിക്കുന്നില്ലെന്നും തരൂർ വിമർശിക്കുന്നു. സഭയിൽ നിയനിർമ്മാണം ഏകപക്ഷീയമായി നടക്കുന്നു. നിയമങ്ങൾ കൊണ്ടുവന്ന് അത് പാസാക്കി പ്രഖ്യാപിക്കാനുള്ള നോട്ടീസ് ബോർഡ് ആയി മാത്രമാണ് സഭയെ ഭരണപക്ഷം കാണുന്നത്. എൻഡിഎ സർക്കാർ ഏകപക്ഷീയമായി സഭയിൽ നിയമങ്ങൾ പാസാക്കുന്നു. ചർച്ച ഉണ്ടാകുന്നില്ല. പ്രതിപക്ഷത്തിന് ചർച്ചകളിലൂടെ ഭരണപക്ഷത്തെ വെല്ലുവിളിക്കാനുള്ള അവസരം ഇല്ലാതാകുന്നു. ഇതിനെല്ലാം കാരണം കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷം തന്നെയാണെന്നും തരൂർ പറയുന്നു.

രാഷ്ട്രീയത്തിൽ പാർലമെന്റിന് പ്രാധാന്യം കുറയുന്നുവെന്ന വിമർശനവും തരൂർ ഉന്നയിക്കുന്നു. പരസ്പരം ശത്രുക്കളേപ്പോലെയാണ് ഭരണപക്ഷവും പ്രതിപക്ഷവും പെരുമാറുന്നതെന്നും അദ്ദേഹം ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു. ഇവിടെ പരാജയപ്പെടുന്നത് പ്രതിപക്ഷമാണ്. പാർലമെന്റുമായി ബന്ധപ്പെട്ടവർ എത്രയും പെട്ടെന്ന് പ്രവർത്തിക്കണം. ഭരണഘടനാ രൂപകൽപ്പനയ്ക്കുള്ള ഇടം മാത്രമായിട്ടല്ല, ജനാധിപത്യ ഇടപെടലുകൾക്കായുള്ള സജീവ വേദിയായും പാർലമെന്റിനെ മാറ്റണമെന്നും അദ്ദേഹം കുറിച്ചു.

ഇന്ത്യ ഇതിലും മികച്ചത് അർഹിക്കുന്നു. ജനങ്ങളുടെ ആശങ്കകളുമായി പൊരുത്തപ്പെടുന്ന കരുതലോടെ നിയമനിർമ്മാണം നടത്തുന്ന പാർലമെന്റ് ആണ് ആവശ്യം. യുദ്ധക്കളമല്ല വേണ്ടത്. പാർലമെന്റിന്റെ അന്തസ്സ് പുനഃസ്ഥാപിക്കേണ്ട സമയം ഇതാണെന്നും തരൂർ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നു.

# രാജിവയ്ക്കുകയോ വയ്ക്കാതിരിക്കുകയോ രാഹുലിൻെറ തീരുമാനം: പ്രതിപക്ഷ നേതാവ്

ആലപ്പുഴ: രാഹുലിനെതിരെ രണ്ടാമത്തെ പരാതി വന്നപ്പോൾ തന്നെ അക്കാര്യം പരിശോധിച്ച് നടപടിയെടുക്കാൻ തീരുമാനിച്ചിരുന്നുവെന്നും അത് ഇന്ന് പ്രഖ്യാപിച്ചുവെന്നു മാത്രമേയുള്ളുവെന്നും പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ.

ആദ്യം പരാതി വന്നപ്പോൾ തന്നെ ഏകകണ്ഠമായി രാഹുലിനെ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചിരുന്നു. നേതാക്കളെല്ലാം കൂട്ടായെടുത്ത തീരുമാനമായിരുന്നു അത്.

രാഹുലിനെതിരെ രണ്ടാമത്തെ പരാതി കൂടി വന്നതോടെ ഇന്നലെ തന്നെ രാഹുലിനെ പാർട്ടിയിൽ നിന്ന് പുറത്താക്കാൻ നേതൃത്വം കൂടിയാലോചിച്ച് ഏകകണ്ഠമായി തീരുമാനമെടുത്തിരുന്നു. തീരുമാനം ഔദ്യോഗികമായി പ്രഖ്യാപിക്കുന്നത് ഇന്നലെയാണോ ഇന്നാണോയെന്നതിൽ പ്രസക്തിയില്ല.

തൻറെ പാർട്ടിയിൽ തനിക്ക് അഭിമാനമുണ്ട്. ഇത്തരമൊരു തീരുമാനം കൂട്ടായാണ് എടുത്തതെന്നും വി.ഡി. സതീശൻ പറഞ്ഞു.

ആദ്യമെടുത്ത തീരുമാനം ശരിയായെന്ന് പുറത്താക്കിയ നടപടിയോടെ വ്യക്തമായി. ഇന്നലെയെടുത്ത തീരുമാനം ഇന്ന് പ്രഖ്യാപിച്ചുവെന്ന് മാത്രമേയുള്ളു.

മിനിഞ്ഞാനാണ് കെപിസിസി അധ്യക്ഷന് പരാതി ലഭിക്കുന്നത്. ആ പരാതിയാണ് കെപിസിസിക്ക് ആദ്യമായി ലഭിച്ചത്. അതിന് മുമ്പ് അത്തരം പരാതിയൊന്നും വന്നിരുന്നില്ല. ആദ്യത്തെ പരാതിക്കാരി മുഖ്യമന്ത്രിക്ക് നൽകിയ പരാതി കെപിസിസി അധ്യക്ഷനും ലഭിച്ചിരുന്നു.

മുഖ്യമന്ത്രിക്ക് പരാതി നൽകിയശേഷമാണ് തങ്ങൾക്ക് പരാതി ലഭിക്കുന്നത്. അതിൽ നടപടിയെടുക്കുന്നതിന് മുമ്പ് തന്നെ പോലീസ് തുടർ നടപടി സ്വീകരിച്ചു കഴിഞ്ഞിരുന്നു. ഇനി രാഹുൽ രാജിവയ്ക്കുകയോ വയ്ക്കാതിരിക്കുകയോ എന്നൊക്കെ അദ്ദേഹത്തിൻറെ തീരുമാനമാണ്. എന്ത് തീരുമാനമെടുത്താലും കുഴപ്പമില്ല. ഇനി പാർട്ടിക്ക് യാതൊരു ബാധ്യതയുമില്ല. ഇനി ഒന്ന് രണ്ട് മാസം മാത്രമാണ് ബാക്കിയുള്ളത്. പാർട്ടിയിൽ നിന്ന് പുറത്താക്കി കഴിഞ്ഞു. അതിനാൽ രാജിയുടെ കാര്യത്തിൽ എന്തു തീരുമാനം വേണമെങ്കിലും എടുത്തോട്ടെയെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

## രാഹുലിനെ പിന്തുണച്ചത് രാഷ്ട്രീയമായി മാത്രം: ഷാഫി പറമ്പിൽ

കോഴിക്കോട്: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ പുറത്താക്കിയതിനു പിന്നാലെ പ്രതികരണവുമായി ഷാഫി പറമ്പിൽ എംപി. രാഹുലിനെ പിന്തുണച്ചത് രാഷ്ട്രീയമായി മാത്രമാണ്. രാഹുലിനെതിരെ പാർട്ടി എടുത്ത നടപടി കൂട്ടായ തീരുമാനമാണ്.

രാഹുൽ മാങ്കൂട്ടത്തിലുമായി വ്യക്തിപരമായി ഉണ്ടായിരുന്ന സൗഹൃദത്തെ പാർട്ടിയിലേക്ക് കൊണ്ട് വന്നിട്ടില്ല. രാഹുലിൻറെ സംഘടനാ പ്രവർത്തനത്തിലെ മികവ് പരിഗണിച്ചു. വ്യക്തിപരമായി ആരിലേക്കും ചൂഴ്ന്നിറങ്ങിയിട്ടില്ല. ആ സമയത്ത് ക്രിമിനൽ പരാതികൾ ഉണ്ടായിട്ടില്ല. കോൺഗ്രസ് എടുത്ത നടപടി മറ്റു പാർട്ടികൾ ഇതുവരെ എടുത്തിട്ടില്ല. പാർട്ടി നടപടിക്കൊപ്പമാണ് താനുള്ളതെന്നും ഷാഫി പറഞ്ഞു.

## മുകേഷ് പാർട്ടി മെമ്പറല്ല; സംഘടനയിൽ ഇല്ലാത്ത ആൾക്കെതിരെ എങ്ങനെ നടപടിയെടുക്കും: എം.വി.ഗോവിന്ദൻ

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കോൺഗ്രസ് പുറത്താക്കിയതിനു പിന്നാലെ പ്രതികരണവുമായി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദൻ. കേട്ടുകേൾവിയില്ലാത്ത പരാതികളാണ് വരുന്നത്. രാഹുലിനെ സംരക്ഷിക്കാൻ കോൺഗ്രസ് പരമാവധി ശ്രമിച്ചു. കോടതി മുൻകൂർ ജാമ്യപേക്ഷ തള്ളിയതോടെയാണ് പാർട്ടി നടപടി സ്വീകരിച്ചത്. രാഹുലിൻറെ രാജി കേരളം മുഴുവൻ ആവശ്യപ്പെടും. രാഹുലിൻറെ കേസും മുകേഷ് എംഎൽഎയുടെ കേസും വ്യത്യസ്ഥമാണ്. മുകേഷ് പാർട്ടി മെമ്പറല്ല. മുകേഷിനെതിരെ പാർട്ടി കൃത്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. സംഘടനയിൽ ഇല്ലാത്ത ആൾക്കെതിരെ എങ്ങനെ നടപടിയെടുക്കുമെന്നും എം.വി.ഗോവിന്ദൻ ചോദിച്ചു.

## രാഹുലിനെ ഇനി പാർട്ടിക്ക് ആവശ്യമില്ല: കെ. മുരളീധരൻ

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിൻറെ മുൻകൂർ ജാമ്യാപേക്ഷ തള്ളിയ കോടതി വിധിയെയും പുറത്താക്കിയ കെപിസിസിയുടെ നടപടിയേയും സ്വാഗതം ചെയ്ത് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ.

രണ്ടു തീരുമാനങ്ങളും പൊതുസമൂഹത്തിന് സന്തോഷം നൽകുന്നതാണ്. രാഹുലിനായി പാർട്ടിയിൽ ഇനി ആരും വാദിക്കരുത്. ധാർമികതയുണ്ടെങ്കിൽ രാഹുൽ എംഎൽഎ സ്ഥാനം രാജിവയ്ക്കണം. ധാർമികത എന്ന് പറയുന്നില്ല. ധാർമികതയുള്ള പ്രവർത്തിയല്ലല്ലോ അയാൾ ഇത്രയും നാൾ ചെയ്തുകൊണ്ടിരുന്നത്. പൊതുരംഗത്ത് പുലർത്തേണ്ട മാന്യത പുലർത്തിയില്ല. രാഹുൽ എന്ന ചാപ്റ്റർ ക്ലോസ് ചെയ്ത് കഴിഞ്ഞു. സൈബർ ആക്രമങ്ങളെ ഭയപ്പെടുന്നില്ല. കൂലി തല്ലുകാരെ ആരു പേടിക്കാനാണ്. രാഹുലിൻറെ ഒരു തിരുത്തലും ഇനി കോൺഗ്രസ് പാർട്ടിക്ക് ആവശ്യമില്ല. രാഹുലിനെ ഇനി പാർട്ടിക്ക് ആവശ്യമില്ല. ഒളിച്ചിരിക്കുന്നവരെ പുറത്ത് കൊണ്ട് വരേണ്ടത് കേരള പോലീസാണെന്നും മുരളീധരൻ കൂട്ടിച്ചേർത്തു.

## രാഹുൽ മാങ്കൂട്ടത്തിലിനെ പുറത്താക്കിയത് എഐസിസിയുടെ അനുമതിയോടെ

ഇടുക്കി: എഐസിസിയുടെ അനുമതിയോടു കൂടിയാണ് രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസ് പാർട്ടിയിൽ നിന്നും പുറത്താക്കിയതെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്.

എഐസിസിയുടെ അനുമതി തേടിയിരുന്നു നടപടി ക്രമങ്ങളുടെ കാലതാമസമാണ് രാഹുലിനെ പാർട്ടിയിൽ നിന്നും പുറത്താക്കാൻ വൈകിയത്. രാഹുൽ എംഎൽഎ സ്ഥാനം രാജി വയ്ക്കുന്നതാണ് നല്ലത്.

എല്ലാ നേതാക്കന്മാരോടും ആലോചിച്ചു. എല്ലാവരും യോജിച്ച് ഐക്യകണ്ഠേനയായ തീരുമാനമാണ് ഇപ്പോൾ എടുത്തത്. രാഹുലിൻറെ പ്രശ്നം കോൺഗ്രസ് പാർട്ടിയെ ഒരു തരത്തിലും ബാധിക്കില്ല. കോൺഗ്രസ് മാതൃകാപരമായ തീരുമാനങ്ങൾ എല്ലാ സന്ദർഭങ്ങളിലും എടുത്തിട്ടുണ്ട്. ആക്ഷേപങ്ങൾ മാധ്യങ്ങളിലൂടെ വന്നപ്പോൾ തന്നെ അദ്ദേഹത്തെ യൂത്ത്കോൺഗ്രസ് പ്രസിഡൻറ് സ്ഥാനത്ത് നിന്നും മാറ്റി. കോൺഗ്രസ് പാർട്ടിയിൽ നിന്നും സസ്പെൻഡ് ചെയ്തു. പാർലമെൻററി പാർട്ടിയിൽ നിന്നും പുറത്താക്കി. പരാതി കെപിസിസിക്ക് കിട്ടയപ്പോൾ അത് ഡിജിപിക്ക് കൈമാറി.

ഇക്കാര്യങ്ങളെല്ലാം നേതാക്കന്മാരുമായി ആലോചിച്ചു. കോൺഗ്രസ് ഹൈക്കമാൻഡുമായി ചർച്ച നടത്തി. അതിൻറെ അടിസ്ഥാനത്തിൽ ഒറ്റക്കെട്ടായി എടുത്ത തീരുമാനമാണ് അദ്ദേഹത്തെ പാർട്ടിയിൽ നിന്നും പുറത്താക്കിയത്. നിയമം നിയമത്തിൻറെ വഴിക്ക് പോകട്ടെ. കോൺഗ്രസ് സിപിഎമ്മിനെ പോലെയല്ല. കളവ് കേസിലെ പ്രതികളെ സംരക്ഷിക്കുന്ന, അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാത്ത സിപിഎമ്മും കോൺഗ്രസും തമ്മിലുള്ള വ്യത്യാസം ജനങ്ങൾ മനസിലാക്കും. രാഹുൽ രാജിവയ്ക്കുന്നതാണ് നല്ലത്. അദ്ദേഹം വ്യക്തിപരമായി തീരുമാനിക്കേണ്ട കാര്യമാണ്.- കെപിസിസി അധ്യക്ഷൻ പറഞ്ഞു.

## എംഎൽഎ സ്ഥാനത്ത് തുടരുന്ന കാര്യം രാഹുൽ ആണ് തീരുമാനിക്കേണ്ടതെന്ന് കെ. സി. വേണുഗോപാൽ

തിരുവനന്തപുരം: എംഎൽഎ സ്ഥാനത്ത് തുടരുന്ന കാര്യം രാഹുൽ ആണ് തീരുമാനിക്കേണ്ടതെന്നും ആരോപണം ഉണ്ടായപ്പോൾ തന്നെ പാർട്ടി നിലപാടെടുത്തതാണെന്നും എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ.

ഇത്തരം വിഷയങ്ങളിൽ പാർട്ടിയുടെ അന്തസ് ഉയർത്തിപ്പിടിക്കുക എന്നതാണ് പ്രാഥമികമായ കാര്യം. കൂടാതെ പൊതുജനങ്ങളുടെ ഇടയിലുള്ള പാർട്ടിയുടെ ഇമേജ് നിലനിർത്തേണ്ടതുണ്ട്. അത്തരം കാര്യങ്ങൾ ആലോചിച്ചാണ് കെപിസിസി ഇത്തരത്തിൽ ഒരു തീരുമാനം എടുത്തിരിക്കുന്നത്. അത് എഐസിസി അഗീകരിക്കുകയും ചെയ്തു. കേരളത്തിലെ ഒരു രാഷ്ട്രീയ പാർട്ടി ഏറ്റവും വേഗത്തിൽ എടുത്ത ഒരു തീരുമാനമാണിത് എന്നും കെ.സി. വേണുഗോപാൽ മാധ്യമങ്ങളോട് പറഞ്ഞു.

# പെട്രോൾ പൈപ്പ് ലൈനുകളിൽ നിന്നും ഇന്ധന മോഷണം; രണ്ടുപേർ അറസ്റ്റിൽ

ന്യൂഡൽഹി: രാജസ്ഥാനിലും മറ്റ് നിരവധി സംസ്ഥാനങ്ങളിൽ നിന്നും പെട്രോളിയം പൈപ്പ്ലൈനുകളിൽ നിന്നും ഇന്ധനം മോഷ്ടിച്ച രണ്ട് പേർ അറസ്റ്റിൽ. പശ്ചിമ ഡൽഹിയിലെ വികാസ്പുരിയിൽ നിന്നാണ് ഇവരെ പിടികൂടിയത്.

പ്രതികളായ 55 കാരനായ സ്വർൺ സിംഗ്(55), സഹോദരീഭർത്താവ് ധർമേന്ദർ (റിങ്കു-50) എന്നിവരാണ് പിടിയിലായത്.

പിടികിട്ടാപ്പുള്ളികളായിരുന്ന ഇവരെക്കുറിച്ച് വിവരം നൽകുന്നവർക്ക് 25,000 രൂപ വീതം പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. ഹരിയാനയിലും പഞ്ചാബിലും നിരവധി കേസുകളിൽ പ്രതികളാണ് ഇവരെന്ന് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രൈം) ഹർഷ് ഇന്തോറ പറഞ്ഞു.

ഡൽഹി വിമാനത്താവളത്തിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട് 1992 ലാണ് സ്വർൺ സിംഗിനെതിരെ ആദ്യ കേസ് രജിസ്റ്റർ ചെയ്തത്.

ഭൂഗർഭ പെട്രോളിയം പൈപ്പ്ലൈനുകൾക്ക് സമീപം സ്ഥലം വാടകയ്ക്കെടുക്കുകയും, തുരങ്കങ്ങൾ കുഴിച്ച്, ഇംപ്രൊവൈസ്ഡ് വാൽവ് സംവിധാനങ്ങൾ സ്ഥാപിച്ച് ഇന്ധനം മോഷ്ടിക്കുകയുമായിരുന്നു ഇവരുടെ രീതി. ജയ്പൂർ, ഗുരുഗ്രാം, ബതിന്ദ, കുരുക്ഷേത്ര, ഡൽഹിയുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിലും ഇവർ മോഷണം നടത്തി.

ധർമേന്ദർ, സ്വർൺ സിംഗിൻറെ സഹായിയാണ്. ഇവർ ഡീസലും പെട്രോളും ഡ്രൈവർമാർക്ക് വിൽക്കാറുണ്ടായിരുന്നുവെന്നും എയർ ടർബൈൻ ഇന്ധനം മണ്ണെണ്ണയ്ക്ക് പകരമായി ഉപയോഗിച്ചിരുന്നതായും പോലീസ് പറഞ്ഞു.

നേരത്തെ, നിയമവിരുദ്ധമായി ഭൂഗർഭ പൈപ്പ്ലൈനിൽ വാൽവ് ബന്ധിപ്പിച്ചത് ഉദ്യോഗസ്ഥർ കണ്ടെത്തിയിരുന്നു. ഇതേതുടർന്ന് രാജസ്ഥാനിൽ ബിഎൻഎസിലെ പ്രസക്തമായ വകുപ്പുകൾ, പെട്രോളിയം ആൻഡ് മിനറൽസ് പൈപ്പ്ലൈൻസ് ആക്ട്, പൊതുസ്വത്തിന് നാശനഷ്ടങ്ങൾ തടയൽ നിയമം എന്നിവ പ്രകാരം കേസ് രജിസ്റ്റർ ചെയ്തതായും പോലീസ് പറഞ്ഞു.

# വമ്പൻമാരുടെ മുംബൈയെ അട്ടിമറിച്ച് കേരളം; ആസിഫിന് അഞ്ച് വിക്കറ്റ്

ലക്നോ: സയിദ് മുഷ്താഖ് അലി ടി20യിൽ വമ്പൻ താരങ്ങളുമായെത്തിയ മുംബൈയെ 15 റൺസിനു തകർത്ത് കേരളം. ലക്നോയിൽ ആദ്യം ആദ്യം ബാറ്റ് ചെയ്ത കേരളം ഉയർത്തിയ 179 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ 19.4 ഓവറിൽ 163 റൺസിനു പുറത്തായി.

52 റൺസ് നേടിയ സർഫറാസ് ഖാനാണ് മുംബൈയുടെ ടോപ് സ്കോറർ. അജിൻക്യ രഹാനെ (32), സൂര്യകുമാർ യാദവ് (32) എന്നിവരും ഭേദപ്പെട്ട പ്രകടനം പുറത്തെടുത്തു. 3.4 ഓവറിൽ 24 റൺസ് മാത്രം വഴങ്ങി അഞ്ചുവിക്കറ്റ് വീഴ്ത്തിയ കെ.എം. ആസിഫ് ആണ് മുംബൈ നിരയെ എറിഞ്ഞിട്ടത്.

മുംബൈയെ സംബന്ധിച്ച് അനായാസം മറികടക്കാവുന്ന സ്കോറാണ് കേരളം മുന്നോട്ടുവച്ചത്. എന്നാൽ, കേരള ബൗളർമാരുടെ പ്രകടനം മുംബൈയെ തകർത്തു. സ്കോർബോർഡിൽ നാലു റൺസ് മാത്രമുള്ളപ്പോൾ ആയുഷ് മഹാത്രെയെ (മൂന്ന്) ബൗൾഡാക്കി ഷറഫുദ്ദീൻ വിക്കറ്റ് വേട്ടയ്ക്ക് തുടക്കമിട്ടു.

തുടർന്ന് ക്രീസിൽ ഒന്നിച്ച രഹാനെ - സർഫറാസ് സഖ്യം 80 റൺസ് കൂട്ടിച്ചേർത്തു. എന്നാൽ സ്കോർ 84 റൺസിൽ നില്ക്കെ രഹാനെയെ പുറത്താക്കി വിഗ്നേഷ് പുത്തൂർ കേരളത്തിനു ബ്രേക്ക്ത്രൂ സമ്മാനിച്ചു. പിന്നാലെ അർധസെഞ്ചുറി പിന്നിട്ട സർഫറാസിനെ അബ്ദുൾ ബാസിതും മടക്കിയതോടെ മൂന്നിന് 99 എന്ന നിലയിലായി മുംബൈ.

പിന്നാലെയെത്തിയ ശിവം ദുബെയെയും (11) വിഗ്നേഷ് പുറത്താക്കി. സ്കോർ 148 റൺസിൽ നില്ക്കെ സായ്രാജ് പാട്ടീലിനെ (13) പുറത്താക്കി ആസിഫ് വിക്കറ്റ് വേട്ട ആരംഭിച്ചു. പിന്നീട് സൂര്യകുമാർ (32), ഷാർദുൽ താക്കൂർ (പൂജ്യം), ഷംസ് മുലാനി (ഒന്ന്), ഹാർദിക് താമോറെ (ഒമ്പത്) എന്നിവരെ മടക്കിയ ആസിഫ് അഞ്ച് വിക്കറ്റ് നേട്ടം ആഘോഷമാക്കി.

നേരത്തെ, 28 പന്തിൽ 46 റൺസെടുത്ത സഞ്ജു സാംസൺ, വിഷ്ണു വിനോദ് (40 പന്തിൽ 43), മുഹമ്മദ് അസറുദ്ദീൻ (25 പന്തിൽ 32), ഷറഫുദ്ദീൻ (15 പന്തിൽ 35) എന്നിവരുടെ ഇന്നിംഗ്സുകളാണ് കേരളത്തെ മാന്യമായ സ്കോറിലേക്ക് നയിച്ചത്.

# പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്ന സ്ത്രീപക്ഷ നിലപാടിൻെറ ഉറച്ച പ്രഖ്യാപനം: സന്ദീപ് വാര്യർ

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലിനെ പാർട്ടിയിൽ നിന്നും പുറത്താക്കിയ കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫിൻറെ തീരുമാനത്തെ അഭിനന്ദിച്ച് കോൺഗ്രസ് നേതാവ് സന്ദീപ് വാര്യർ.

സണ്ണി ജോസഫ് എംഎൽഎയുടെ തീരുമാനം കേവലം ഒരു നടപടി മാത്രമല്ല, ഇത് ഞങ്ങളുടെ പ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്ന സ്ത്രീപക്ഷ നിലപാടിൻറെ ഉറച്ച പ്രഖ്യാപനമാണെന്ന് സന്ദീപ് വാര്യർ ഫേസ്ബുക്കിൽ കുറിച്ചു.

ഇവിടെ വ്യക്തി താൽപ്പര്യങ്ങളല്ല, പാർട്ടിയുടെ ധാർമികതയും നീതിബോധവുമാണ് വിജയിച്ചത്. ഇത് കോൺഗ്രസ് എന്നും മുറുകെ പിടിക്കുന്ന സ്ത്രീശാക്തീകരണ കാഴ്ചപ്പാടിൻറെ പ്രതിഫലനമാണെന്നും സന്ദീപ് വാര്യർ കുറിച്ചു.

സമാനമായ ആരോപണങ്ങൾ വന്നപ്പോൾ, ആരോപണ വിധേയരെ സംരക്ഷിക്കാൻ ഭരണ സ്വാധീനം ഉപയോഗിക്കുകയും, തങ്ങളെ വിമർശിക്കുന്നവരെ വേട്ടയാടുകയും ചെയ്ത പല പാർട്ടികളും ഈ നടപടിയിൽ നിന്ന് ഒരു പാഠം പഠിക്കണമെന്നും സന്ദീപ് വാര്യർ വ്യക്തമാക്കി.

# രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ സ്ഥാനം രാജിവയ്ക്കുന്നതാണ് നല്ലത്: അടൂർ പ്രകാശ്

തിരുവനന്തപുരം: രാഹുൽ മാങ്കൂട്ടത്തിലുമായി ബന്ധപ്പെട്ട് നടത്തിയ പ്രഖ്യാപനങ്ങൾ പാർട്ടിയുടെ തീരുമാനമെന്ന നിലയിൽ ഞങ്ങൾ എല്ലാവരും സ്വീകരിക്കുന്നുവെന്ന് യുഡിഎഫ് കൺവീനർ അടൂർ പ്രകാശ്.

നേരത്തെ അദ്ദേഹത്തെ പാർട്ടിയിൽ നിന്നും മാറ്റി നിർത്തിയതാണ്. കൂടാതെ പാർലമെൻററി പാർട്ടിയിൽ നിന്നും എംഎൽഎ എന്ന നിലയിലുള്ള പ്രവർത്തനങ്ങളിലും കൂടുതൽ സൗകര്യങ്ങൾ ഒരുക്കി നൽകേണ്ട എന്ന് തീരുമാനിച്ചിരുന്നു. അതിൻറെ അടിസ്ഥാനത്തിലാണ് കെപിസിസി അധ്യക്ഷൻ കോടതി വിധിയുടെ അടിസ്ഥാനത്തിൽ രാഹുലിനെ പാർട്ടിയിൽ നിന്നും പുറത്താക്കിയതായി അറിയിച്ചത്.

അത് എല്ലാവരും അംഗീകരിക്കുന്നു. കോൺഗ്രസ് എടുത്ത തീരുമാനത്തിൽ വെള്ളം ചേർക്കാതെ മുന്നോട്ടു പോകും. ഇനി എംഎൽഎ സ്ഥാനം കൈയിൽവച്ചിട്ട് കാര്യമില്ല. അദ്ദേഹം സ്വയം രാജി വയ്ക്കുന്നതാണ് നല്ലത്.

ഒരു ഭാഗത്ത് കോൺഗ്രസിൻറെ കാര്യങ്ങൾ മാത്രമാണ് എല്ലാവരും കാണുന്നത്. മറുഭാഗത്തെ കാര്യങ്ങൾ ആരും ചിന്തിക്കുന്നില്ല. അത് പ്രധാനപ്പെട്ട വിഷയമാണ്. ഇതിലും കടുതൽ കാര്യങ്ങൾ കാണിച്ചിട്ടുള്ളവരാണ് മറുഭാഗത്തുള്ളത്.

ഞങ്ങൾക്ക് വേണമെങ്കിൽ കമ്മീഷനെ വച്ച് അന്വേഷണം നടത്തി തീരുമാനമെടുക്കാമായിരുന്നു. എന്നാൽ ഞങ്ങൾ കാര്യങ്ങൾ മനസിലാക്കി കോടതി വിധിക്ക് കാത്തു. വിധി വന്നപ്പോൾ തന്നെ കെപിസിസി അധ്യക്ഷൻ തീരുമാനമെടുത്തു. അത് ഞങ്ങൾ അംഗീകരിച്ചു.-അടൂർ പ്രകാശ് പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ബ്ലൂ എക്കോണമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം: രാഷ്ട്രപതി

സുസ്ഥിര വികസനത്തിന് ഉത്തേജനം നൽകുന്ന ബ്ലൂ എക്കോണമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ രാജ്യം ശ്രദ്ധ കേന്ദ്രീകരിക്കുന്നതായും ഈ ശ്രമങ്ങളിൽ ഇന്ത്യൻ നാവികസേന നിർണായ പങ്ക് വഹിക്കുന്നതായും രാഷ്ട്രപതി ദ്രൗപതി മുർമു. കടൽ വഴികൾ സുരക്ഷിതമാക്കിയും സമുദ്ര വിഭവങ്ങൾ സംരക്ഷിച്ചും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ തടഞ്ഞും സമുദ്ര ഗവേഷണത്തെ പിന്തുണച്ചും നാവികസേന രാജ്യത്തിന് കരുത്തേകുന്നതായും രാഷ്ട്രപതി പറഞ്ഞു. ശംഖുമുഖത്ത് നടന്ന നാവികസേനാ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.



ഇന്ത്യൻ മഹാസമുദ്ര മേഖല വളരെ തന്ത്രപ്രധാനമാണ്. ആഗോള ഊർജ വിതരണത്തിനും വ്യാപാരത്തിനുമുള്ള ഒരു മാർഗമാണിത്. ഇന്ത്യ ഇതിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥിതി ചെയ്യുന്നതിനാൽ ഈ മേഖലയിലെ സമാധാനവും സുസ്ഥിരതയും ഉറപ്പാക്കുന്നതിൽ നമുക്ക് പ്രത്യേക ഉത്തരവാദിത്തമുണ്ട്. നമ്മുടെ അയൽക്കാർക്ക് സഹായം എത്തിച്ചും സമുദ്ര അവബോധം പ്രോത്സാഹിപ്പിച്ചും അന്താരാഷ്ട്ര സമുദ്ര സമൂഹത്തിന് സുരക്ഷ ഉറപ്പാക്കിയും നമ്മുടെ അതിർത്തിക്കുള്ളിൽ മാത്രമല്ല, വിശാലമായ ഇന്ത്യൻ മഹാസമുദ്രത്തിലുടനീളവും നാവിക സേന പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്നതായും രാഷ്ട്രപതി പറഞ്ഞു.

ആധുനികവൽക്കരണവും പുതിയ സാങ്കേതികവിദ്യകളുടെ വികസനവും അവയുടെ പൊരുത്തപ്പെടുത്തലും ഏതൊരു സായുധ സേനയുടെയും പോരാട്ട സന്നദ്ധതയ്ക്ക് നിർണായകമാണ്. ഇന്ത്യയിൽ തന്നെ സങ്കീർണമായ പ്ലാറ്റ്ഫോമുകൾ രൂപകൽപ്പന ചെയ്യാനും നിർമ്മിക്കാനുമുള്ള കഴിവ് നമ്മുടെ നാവികസേനക്കുണ്ട്. വിമാനവാഹിനിക്കപ്പലായ ഐഎൻഎസ് വിക്രാന്തും മറ്റു യുദ്ധക്കപ്പലുകളും അന്തർവാഹിനികളും ഇതിനു ഉദാഹരണങ്ങളാണ്. ഇവ തദ്ദേശീയമായി വികസിപ്പിക്കുന്നതിലൂടെ ദേശീയ സുരക്ഷ ശക്തിപ്പെടുത്താനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാകും. തദ്ദേശീയ സാങ്കേതികവിദ്യകൾ വികസിപ്പിച്ച് വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഇന്ത്യൻ നാവികസേന ഊർജം പകരുകയാണെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

വിമാനത്താവളത്തിൽ നിന്നും വേദിയിലെത്തിയ രാഷ്ട്രപതിക്ക് എം എച്ച് 60 ആർ ഹെലികോപ്റ്ററുകൾ സല്യൂട്ട് നൽകി. യുദ്ധക്കപ്പലുകളായ ഐഎൻഎസ് ഇംഫാലും ഐഎൻഎസ് ഉദയഗിരിയും ഐഎൻഎസ് കമാലും ഐഎൻഎസ് കൊൽക്കത്തയും ചേർന്ന് രാഷ്ട്രപതിയെ അഭിവാദ്യം ചെയ്തു. പാരച്യൂട്ടിൽ പറന്നിറങ്ങിയ മറൈൻ കമാൻഡോകൾ രാഷ്ട്രപതിക്ക് ഉപഹാരം സമ്മാനിച്ചു. സേനയുടെ കരുത്തും പ്രവർത്തന മികവും വിളിച്ചോതുന്ന പോർവിമാനങ്ങളുടേയും പടക്കപ്പലുകളുടേയും അഭ്യാസ പ്രകടനങ്ങൾ രാഷ്ട്രപതി വീക്ഷിച്ചു.

ഇന്ത്യയുടെ പടക്കപ്പലുകളായ ഐഎൻഎസ് ഇംഫാൽ, ഐഎൻഎസ് ഉദയഗിരി, ഐഎൻഎസ് കൊൽക്കത്ത, ഐഎൻഎസ് കമാൽ, പായ്ക്കപ്പലുകളായ തരംഗിണിയും സുദർശിനിയും മിസൈൽ കില്ലർ ബോട്ടുകളും അന്തർവാഹിനിയും ഉൾപ്പെടെയുള്ള 19 നാവിക യുദ്ധ സംവിധാനങ്ങളാണ് തീരക്കടലിൽ വിസ്മയ കാഴ്ചയൊരുക്കിയത്. വിമാനവാഹിനിയായ ഐഎൻഎസ് വിക്രാന്തിൽ നിന്നുള്ള മിഗ് വിമാനങ്ങളുടെ ടേക്ക് ഓഫും ഹെലികോപ്റ്ററിൽനിന്നുള്ള എയർ ലിഫ്റ്റിംഗും പാരാഗ്ലൈഡിംഗും ഉൾപ്പെടെയുള്ള അഭ്യാസ പ്രകടനങ്ങൾ സേനയുടെ ഉൾക്കരുത്തും നീക്കങ്ങളിലെ കൃത്യതയും വേഗതയും സാങ്കേതിക മികവും എടുത്തുകാട്ടി. യുദ്ധത്തിനും നിരീക്ഷണത്തിനുമുള്ള ലോങ് റേഞ്ച് ആന്റി സബ്മറൈൻ വിമാനമായ പി8ഐ, മിഗ്, ഹോക്സ് വിമാനങ്ങളും ഹെലികോപ്റ്ററുകളും ചേർന്നാണ് ആകാശത്ത് ദൃശ്യവിസ്മയം ഒരുക്കിയത്.

ആർത്തിരമ്പുന്ന കടൽപ്പരപ്പിൽ സെർച്ച് ആൻഡ് സീഷർ ഓപ്പറേഷൻ, ഹെലികോപ്റ്റർ വഴി കമാൻഡോകളെ ലക്ഷ്യസ്ഥാനത്ത് ഇറക്കുന്ന ഹെലികോപ്റ്റർ ബോൺ ഇൻസേർഷൻ, രക്ഷാദൗത്യം എന്നിവയുടെ പ്രദർശനവും നടന്നു. സതേൺ നേവൽ കമാൻഡിന്റെ മ്യൂസിക്കൽ ബാൻഡും കണ്ടിന്യൂയിറ്റി ഡ്രില്ലും സീ കേഡറ്റുകൾ അവതരിപ്പിച്ച ഹോൺ ആൻഡ് പൈപ്പ് ഡാൻസും പരിപാടിയെ വ്യത്യസ്തമാക്കി. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ അനാവരണം ചെയ്യുന്ന കലാപരിപാടികളോടെ ആരംഭിച്ച ആഘോഷപരിപാടികൾക്ക് പരിസമാപ്തിയായി തീരക്കടലിൽ യുദ്ധക്കപ്പലുകൾ വൈദ്യുതി ദീപങ്ങളാൽ അലംകൃതമായി അണിനിരന്നു.

നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ ത്രിപാഠി സദസിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര ടൂറിസം സഹമന്ത്രി സുരേഷ് ഗോപി, പ്രതിരോധ സഹമന്ത്രി സഞ്ജയ് സേഠ്, ദക്ഷിണ നാവികസേനാ മേധാവി വൈസ് അഡ്മിറൽ സമീർ സക്സേന, ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## പൊതുസേവനങ്ങൾക്കായി ഏജന്റിക് എ.ഐ. പരിശീലനം

സർക്കാർ ഉദ്യോഗസ്ഥർക്കും പൊതുമേഖലാ പ്രൊഫഷണലുകൾക്കും 'പൊതു സേവന വിതരണ രംഗത്ത് ഏജന്റിക് എ.ഐ. യുടെ ഉപയോഗത്തെക്കുറിച്ച് പ്രായോഗിക അറിവ് നേടുവാൻ ആഗ്രഹിക്കുന്ന മറ്റ് പ്രൊഫഷണലുകൾക്കുമായി കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.) ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. ദൈനംദിന ഓഫീസ് നടപടിക്രമങ്ങൾ ഓട്ടോമേറ്റ് ചെയ്യുവാനും; ഇ-ഗവേണൻസ്, ഡിജിറ്റൽ, ബഹു-ഭാഷാ സേവനങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുവാനും; ക്ഷേമപദ്ധതികളും, ആനുകൂല്യങ്ങളും, അടിസ്ഥാന സൗകര്യങ്ങളും കൂടുതൽ കാര്യക്ഷമമായി ജനങ്ങളിലേക്ക് എത്തിക്കുവാനും ഏജന്റ്ക് എ.ഐ. യുടെ കൃത്യമായ വിനിയോഗത്തിലൂടെ സാധിക്കും. ഇത്തരത്തിൽ എ.ഐ. ഏജന്റുകൾ പ്രവർത്തിക്കുന്ന രീതിയും പൊതു സംവിധാനങ്ങളിൽ അവ എങ്ങനെ ഉത്തരവാദിത്തത്തോടെ ഉപയോഗിക്കാമെന്നും ഈ പരിശീലനം ലളിതമായി പരിചയപ്പെടുത്തും. ഡിസംബർ 16ന് തിരുവനന്തപുരം തൈക്കാടുള്ള സി.എം.ഡി. ഹാളിൽ വെച്ചാണ് പരിശീലനം. സീറ്റുകളുടെ എണ്ണം പരിമിതമാണ്. രജിസ്റ്റർ ചെയ്യുവാനും കൂടുതൽ വിവരങ്ങൾക്കും 8714259111, 0471 2320101

## ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് ഡിസംബർ 6 ന്

2025–26 അദ്ധ്യയന വർഷത്തെ ബി.എസ്.സി അലൈഡ് ഹെൽത്ത് സയൻസ് ഡിഗ്രി കോഴ്സുകൾക്ക് പ്രവേശനത്തിനുള്ള ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് 2025 ഡിസംബർ 6 ന് നടത്തും. www.lbscentre.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ ഡിസംബർ 6 വൈകിട്ട് 5 മണി വരെ ഓൺലൈനായി പുതിയ കോഴ്സ്/കോളേജ് ഓപ്ഷനുകൾ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കില്ല. മുൻ അലോട്ട്മെന്റുകൾ വഴി ഏതെങ്കിലും കോളേജുകളിൽ പ്രവേശനം നേടിയവർക്ക് ഈ അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിന് പുതിയ ചരഉ ധനിരാക്ഷേപപത്രം പ ആവശ്യമാണ്. കൂടുതൽവിവരങ്ങൾക്ക്: 0471–2560361, 362, 363, 364, www.lbscentre.kerala.gov.in.

## വാർഷിക ദിനത്തിൽ തന്നെ പാർട്ടിയിൽ നിന്നും പുറത്തേക്ക്

തിരുവനന്തപുരം: പീഡന ക്കേസിൽ ഒളിവിൽ കഴിയുന്ന രാഹുൽ മാങ്കൂട്ടത്തിലിനെ കോൺഗ്രസിൽ നിന്നും പുറത്താക്കിയത് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തതിൻറെ ഒന്നാം വാർഷിക ദിനത്തിൽ.

2024 ഡിസംബർ നാലിനാണ് പാലക്കാട് നിന്നുള്ള നിയമസഭാംഗമായി രാഹുൽ മാങ്കൂട്ടത്തിൽ സത്യപ്രതിജ്ഞ ചെയ്തത്.

## പോളിങ് ഉദ്യോഗസ്ഥർ യഥാസമയം പോളിങ് സാമഗ്രികൾ കൈപ്പറ്റണം

ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉൾപ്പെടെയുള്ള പോളിങ് സാധനങ്ങളുടെ വിതരണം വോട്ടെടുപ്പ് ദിവസത്തിന്റെ തലേദിവസം രാവിലെ 9 ന് ആരംഭിക്കും. പോളിങ് ഉദ്യോഗസ്ഥർ അതത് വിതരണ–കേന്ദ്രത്തിൽ യഥാസമയം എത്തിച്ചേർന്ന് പോളിങ് സാമഗ്രികൾ കൈപ്പറ്റിയതിന് ശേഷം ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങളിൽ പോളിങ് സ്റ്റേഷനുകളിൽ എത്തിച്ചേരണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ഡിസംബർ 9 ന് വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ഡിസംബർ 8 നും, ഡിസംബർ 11 ന് വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ഡിസംബർ 10 നുമാണ് പോളിങ് സാമഗ്രികളുടെ വിതരണം നടക്കുക. സംസ്ഥാനത്ത് ആകെ 244 വിതരണ കേന്ദ്രങ്ങളാണുള്ളത്. പഞ്ചായത്തുകളിൽ ബ്ലോക്ക് തലത്തിലും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ അതത് സ്ഥാപനതലത്തിലുമാണ് വിതരണ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുള്ളത്.

വിതരണ കേന്ദ്രങ്ങളിൽ ഒരുക്കങ്ങളെല്ലാം പൂർത്തിയായി കഴിഞ്ഞു. വിതരണത്തിന് ആവശ്യമായ കൗണ്ടറുകൾ സജ്ജമാക്കാനും, വിതരണ കേന്ദ്രങ്ങളിൽ കുടിവെള്ളം, ഭക്ഷണം, ചികിത്സാ സഹായം, പോളിങ് സ്റ്റേഷനിലേക്ക് പോകുന്നതിനുള്ള വാഹന സൗകര്യം എന്നിവ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഏർപ്പെടുത്തും. വിതരണം സുഗമമാക്കാൻ ഓരോ കേന്ദ്രത്തിലും ആവശ്യമായ എണ്ണം കൗണ്ടറുകൾ സജ്ജമാക്കാനും അവിടെ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാനും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരോട് കമ്മീഷൻ നിർദ്ദേശിച്ചു.

വിതരണ – സ്വീകരണ കേന്ദ്രങ്ങളിൽ പോളിങ് ഉദ്യോഗസ്ഥരുൾപ്പെടെയുള്ള തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഹരിതപെരുമാറ്റചട്ടം കർശനമായി പാലിച്ചിരിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ആദ്യഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ആകെ 117 വിതരണ കേന്ദ്രങ്ങളാണുള്ളത്. തിരുവനന്തപുരം (16), കൊല്ലം (16), പത്തനംതിട്ട (12), ആലപ്പുഴ (18), ഇടുക്കി ( 10), കോട്ടയം (17), എറണാകുളം (28).

രണ്ടാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ജില്ലകളിൽ ആകെ 127 വിതരണ കേന്ദ്രങ്ങളാണുള്ളത്. തൃശ്ശൂർ (24), പാലക്കാട് (20), മലപ്പുറം (27), കോഴിക്കോട് (20), വയനാട് (7), കണ്ണൂർ (20), കാസർഗോഡ് (9).

തിരുവനന്തപുരം കോർപ്പറേഷനിൽ മാർ ഇവാനിയോസ് കോളേജ്, കൊല്ലത്ത് തേവള്ളി മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, കൊച്ചിയിൽ മഹാരാജാസ് കോളേജ് ഓഡിറ്റോറിയം, തൃശൂരിൽ ഗവ.എഞ്ചിനീയറിങ് കോളേജ് മില്ലേനിയം ഓഡിറ്റോറിയം, കോഴിക്കോട് നടക്കാവ് ഗവ.വി.എച്ച്.എസ്.എസ്, കണ്ണൂർ ഗവ. വി.എച്ച്.എസ്.എസ് (സ്പോർട്സ് സ്കൂൾ) എന്നിവയാണ് വിതരണകേന്ദ്രങ്ങൾ.

## തദ്ദേശ തിരഞ്ഞെടുപ്പ് : ശബ്ദ നിയന്ത്രണം പാലിക്കണം

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഭാഗമായുള്ള പരസ്യപ്രചാരണങ്ങളിൽ ശബ്ദ നിയന്ത്രണം കർശനമായി പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ നിർദ്ദേശിച്ചു. പ്രചാരണ വാഹനങ്ങളിൽ അനുവദനീയമായ ശബ്ദത്തിനു മുകളിലുള്ള മൈക്ക് അനൗൺസ്മെന്റുകൾ, ലൗഡ് സ്പീക്കറിലൂടെയുള്ള പ്രചാരണ ഗാനങ്ങൾ എന്നിവ കേൾപ്പിക്കുന്നത് മാതൃകാ പെരുമാറ്റചട്ടത്തിന്റെയും ശബ്ദമലിനീകരണ നിയന്ത്രണ നിയമങ്ങളുടെയും ലംഘനമാണ്.

പൊതുനിരത്തുകളിലും ജംഗ്ഷനുകളിലും ഗതാഗതത്തിന് തടസ്സമുണ്ടാക്കുകയോ ശല്യപ്പെടുത്തുകയോ ചെയ്യുന്ന രീതിയിൽ ലൗഡ് സ്പീക്കർ ഉപയോഗിക്കാൻ പാടില്ല. അനുവദനീയമായ സമയപരിധിയ്ക്ക് മുൻപോ ശേഷമോ ഉള്ള അനൗൺസ്മെന്റുകൾ എന്നിവയും വിലക്കിയിട്ടുണ്ട്. ആശുപത്രി, വിദ്യാലയ പരിസരങ്ങൾ ഉൾപ്പടെ നിശബ്ദ സോണുകളായി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ ശബ്ദ പ്രചാരണം പൂർണമായും ഒഴിവാക്കണം.

പടക്കം, വെടിക്കെട്ട് മുതലായവ നിയമാനുസൃതമായി മാത്രമേ പ്രചാരണത്തിന് ഉപയോഗിക്കുവാൻ പാടുള്ളൂ. സ്ഥാനാർത്ഥികളെ സ്വീകരിക്കുമ്പോൾ ഉൾപ്പടെ പൊതുസ്ഥലങ്ങളിൽ വെടിക്കെട്ട് നടത്തുന്നതിന് ജില്ലാ മജിസ്ട്രേറ്റിൽ നിന്ന് ലൈസൻസ് ആവശ്യമാണ്.

പ്രചാരണ പ്രവർത്തനങ്ങളിൽ ശബ്ദമലിനീകരണം, പരിസരമലിനീകരണം എന്നിവയുടെ നിരീക്ഷണം ഊർജ്ജിതമാക്കാനും, നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കാനും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്കും നിരീക്ഷകർക്കും നിർദേശം നൽകി.

## അതിജീവിതക്ക് നോട്ടീസ് അയച്ച് പോലീസ്

തിരുവനന്തപുരം: രാഹുലിനെതിരായ രണ്ടാമത്തെ കേസിലെ അതിജീവിതക്ക് നോട്ടീസ് അയച്ച് പോലീസ്. മൊഴി നൽകാൻ കഴിയുന്ന സമയവും സ്ഥലവും അറിയിക്കണമെന്ന് ആവശ്യപ്പെട്ടാണ് അതിജീവിത പരാതി അയച്ച മെയിലിലേക്ക് നോട്ടീസ് അയച്ചത്.

മറുപടി ലഭിച്ചാൽ ഉടൻ തന്നെ മൊഴിയെടുക്കും. അതേസമയം, രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയുടെ മുൻകൂർ ജാമ്യ അപേക്ഷ തള്ളി. തിരുവനന്തപുരം ജില്ലാ സെഷൻസ് കോടതിയാണ് ജാമ്യഹർജി തള്ളിയത്.

## തദ്ദേശ തിരഞ്ഞെടുപ്പ്: അവധികൾ പ്രഖ്യാപിച്ചു

തദ്ദേശ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന് കീഴിലുള്ള എല്ലാ സർക്കാർ, അർദ്ധ-സർക്കാർ, വാണിജ്യ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ ഉത്തരവായി. ഡിസംബർ 9ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ സ്ഥാപനങ്ങൾക്കും ഡിസംബർ 11ന് തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ സ്ഥാപനങ്ങൾക്കും അവധിയായിരിക്കും.

നേരത്തെ ഡിസംബർ 2ന് പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ മേഖല എന്നിവയ്ക്ക് ജില്ല തിരിച്ച് അവധി പ്രഖ്യാപിച്ചിരുന്നു.

## രചിനും ലാഥത്തിനും സെഞ്ചുറി; വിൻഡീസിനെതിരേ കിവീസിന് കൂറ്റൻ ലീഡ്

ക്രൈസ്റ്റ് ചർച്ച്: വെസ്റ്റ് ഇൻഡീസിനെതിരായ ഒന്നാം ടെസ്റ്റിൽ ന്യൂസിലൻഡ് കൂറ്റൻ ലീഡിലേക്ക്. മൂന്നാംദിനം കളിയവസാനിപ്പിക്കുമ്പോൾ രണ്ടാം ഇന്നിംഗ്സിൽ നാലു വിക്കറ്റ് നഷ്ടത്തിൽ 417 റൺസെന്ന നിലയിലാണ് ആതിഥേയർ. ആദ്യ ഇന്നിംഗ്സിലേതുൾപ്പെടെ നിലവിൽ 481 റൺസിൻറെ ലീഡാണ് കിവീസിനുള്ളത്. സ്കോർ: ന്യൂസിലൻഡ്– 231 & 414, വെസ്റ്റ് ഇൻഡീസ് – 167

21 റൺസുമായി വിൽ യംഗും ആറു റൺസുമായി മൈക്കൽ ബ്രേസ്വെല്ലുമാണ് ക്രീസിൽ. സെഞ്ചുറി നേടിയ നായകൻ ടോം ലാഥം (145), രചിൻ രവീന്ദ്ര (176) എന്നിവരുടെ ഇന്നിംഗ്സുകളാണ് ന്യൂസിലൻഡിന് മികച്ച സ്കോർ സമ്മാനിച്ചത്. അതേസമയം, ഡെവൺ കോൺവേ (37), കെയ്ൻ വില്യംസൺ (ഒമ്പത്) എന്നിവർക്ക് തിളങ്ങാനായില്ല.

വിൻഡീസിനു വേണ്ടി കെമർ റോച്ച്, ഒജെ ഷീൽഡ്സ് എന്നിവർ രണ്ടുവിക്കറ്റ് വീതം വീഴ്ത്തി.

## രാഹുലിനെ പുറത്താക്കിയ നടപടി മാതൃകാപരം: കോൺഗ്രസിലെ വനിതാ നേതാക്കൾ

തിരുവനന്തപുരം: പീഡനക്കേസിൽ പ്രതിയായ രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയെ കോൺഗ്രസിൽ നിന്ന് പുറത്താക്കിയതിനു പിന്നാലെ പ്രതികരണവുമായി ബിന്ദു കൃഷ്ണയും ഷാനിമോൾ ഉസ്മാനും. പാർട്ടിയുടെ നടപടി മാതൃകാപരമാണ്.

മുകേഷ് എംഎൽഎയ്ക്കെതിരെ സിപിഎം എന്ത് നടപടിയെടുത്തു. മുകേഷിനെതിരെ നടപടി സ്വീകരിക്കാതിരുന്ന സിപിഎമ്മാണ് രാഹുൽ മാങ്കൂട്ടത്തിൽ വിഷയത്തിൽ കോൺഗ്രസിനെ വിമർശിക്കുന്നത്. ഇരയ്ക്കൊപ്പം തന്നെ നിൽക്കും.

കോൺഗ്രസ് പ്രസ്ഥാനം എക്കാലും സ്ത്രീപക്ഷ നിലപാടാണ് സ്വീകരിച്ചതെന്നും കെപിസിസി രാഷ്ട്രീയ കാര്യ സമിതിയംഗം ബിന്ദു കൃഷ്ണ പറഞ്ഞു.

കോൺഗ്രസ് മാതൃകാപരമായ നടപടി കൈക്കൊണ്ടുവെന്ന് കെപിസിസി രാഷ്ട്രീയകാര്യ സമിതിയംഗം ഷാനിമോൾ ഉസ്മാൻ അഭിപ്രായപ്പെട്ടു.

രാഹുലിനെ പ്രാഥമിക അംഗത്വത്തിൽ നിന്നാണ് പുറത്താക്കിയിരിക്കുന്നത്. ധാർമികതയുണ്ടെങ്കിൽ രാഹുൽ എംഎൽഎ സ്ഥാനം രാജിവെക്കണമെന്നും ഷാനിമോൾ ഉസ്മാൻ വ്യക്തമാക്കി.

## പരീക്ഷ നടത്തും

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന വിവിധ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളുടെ പരീക്ഷ സംസ്ഥാനത്തെ വിവിധ സെന്ററുകളിൽ ഫെബ്രുവരി 10 മുതൽ നടക്കും. പരീക്ഷയ്ക്ക് രിജിസ്റ്റർ ചെയ്യേണ്ട അപേക്ഷകർ നിശ്ചിത തുകയ്ക്കുള്ള ഫീസ് അടച്ച് പൂരിപ്പിച്ച അപേക്ഷകൾ ഡിസംബർ 20 ന് മുൻപായി പഠിക്കുന്ന സ്ഥാപനങ്ങൾ മുഖേന ചെയർപേഴ്സൺ, ബോർഡ് ഓഫ് പാരാമെഡിക്കൽ ഡിപ്ലോമ എക്സാമിനേഷൻസ്, മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം, തിരുവനന്തപുരം–11 വിലാസത്തിൽ അയയ്ക്കണം. വിശദവിവരങ്ങൾക്ക്: www.dme.kerala.gov.in.

## പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം

2025–26 അദ്ധ്യയന വർഷത്തെ ആയൂർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി മൂന്നാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തും. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് മൂന്നാംഘട്ട സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി ഡിസംബർ 05 രാത്രി 11.59 വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. വിശദമായ വിജ്ഞാപനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കാം. ഹെൽപ് ലൈൻ നമ്പർ: 0471 2525300.

## സുസ്ഥിര സാങ്കേതിക വിദ്യകളെപ്പറ്റിയുള്ള അന്താരാഷ്ട്ര സമ്മേളനത്തിന് തുടക്കമായി

സുസ്ഥിര സാങ്കേതിക വിദ്യകളെപ്പറ്റിയുള്ള അന്താരാഷ്ട്ര സമ്മേളനത്തിന് എൽബിഎസ് പൂജപ്പുര വനിതാ എഞ്ചിനീയറിംഗ് കോളേജിൽ തുടക്കമായി. പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനും വിഭവ കാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനും ദീർഘകാല സാമ്പത്തിക സാമൂഹിക ക്ഷേമം വളർത്തുന്നതിനും സഹായിക്കുന്ന നൂതന ആശയങ്ങളും അതിനുള്ള സാങ്കേതിക വിദ്യയും ഡിസംബർ 4, 5, 6 തീയതികളിലായി നടക്കുന്ന സമ്മേളനത്തിൽ അവതരിപ്പിക്കും.

വിദ്യാഭാസ വിദഗ്ദ്ധർ, ഗവേഷകർ, പ്രാക്ടിസിങ് എൻജിനീയർമാർ, വിദ്യാർഥികൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കുന്നു. ഇരുന്നൂറിൽപരം പ്രബന്ധങ്ങളാണ് മൂന്ന് ദിവസങ്ങളായി നടക്കുന്ന സമ്മേളനത്തിൽ അവതരിപ്പിക്കുന്നത്.

പൂജപ്പുര ക്യാമ്പസിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ നബാർഡ് കേരളം ചീഫ് ജനറൽ മാനേജർ നാഗേഷ്കുമാർ അനുമല മുഖ്യാതിഥി ആയിരുന്നു. എൽബിഎസ് സെന്റർ ഡയറക്ടർ ഡോ. എം. അബ്ദുൽ റഹ്മാൻ അധ്യക്ഷത വഹിച്ചു. ഇന്സ്ടിട്യൂഷൻ ഓഫ് എഞ്ചിനീയർസ് കേരള ചെയർമാൻ ഉദയകുമാർ, എൽബിഎസ് ജോയിന്റ് ഡയറക്ടർ ഡോ. ജെ. ജയമോഹൻ, ഇന്സ്ടിട്യൂഷൻ ഓഫ് എഞ്ചിനീയർസ് കേരളം സെക്രട്ടറി ജഗദീശ്ശ ചന്ദ്ര പിഷാരടി, ബാലകൃഷ്ണൻ നായർ, പ്രിൻസിപ്പൽ ഡോ. എം. ബി. സ്മിതമോൾ, ഡോ. ഇ. എൻ. അനിൽകുമാർ, കോളേജ് യൂണിയൻ ചെയർപേഴ്സൺ കീർത്തന മനോജ് എന്നിവർ സംസാരിച്ചു.

## നീറ്റ് ഫലം ഓൺലൈനായി സമർപ്പിക്കുന്നതിന് അവസരം

2025–26 അധ്യയന വർഷം സംസ്ഥാനത്തെ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ കോഴ്സുകളിൽ പ്രവേശനത്തിനായി ഡിസംബർ 1 ലെ വിജ്ഞാപന പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുകയും, ചഠഅ നടത്തിയ നീറ്റ് (യു. ജി) – 2025 പരീക്ഷയിൽ നിശ്ചിത യോഗ്യത നേടുകയും ചെയ്ത വിദ്യാർത്ഥികൾക്ക് അവരുടെ നീറ്റ് (യു. ജി) – 2025 ഫലം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുന്നതിന് ഡിസംബർ 05 രാത്രി 11.59 വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകും. കൂടാതെ പുതുതായി ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോട്ടോ, ഒപ്പ്, നേറ്റിവിറ്റി, പത്താം ക്ലാസ്സ് സർട്ടിഫിക്കറ്റ്, നാഷണാലിറ്റി എന്നിവയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനും അപേക്ഷാ ഫീസ് ഒടുക്കുവാനുണ്ടെങ്കിൽ അവ ഒടുക്കുന്നതിനും ഡിസംബർ 05 രാത്രി 11.59 വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകും.